സത്യം


അഹിംസ

# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 42 | ലക്കം 4 | 2018 നവംബർ 30



***നമസ്കാരം. ഈ ലക്കത്തിലേക്ക് തയ്യാറാക്കിയ വിഭവങ്ങൾ വായനക്കാർക്കായി സമർപ്പിക്കുന്നു. ഓരോന്നും ഗുണമേന്മയുള്ള താണോയെന്ന് പരിശോധിക്കുക.***

## നാനാത്വത്തിലെ ഏകത്വം

***1997 ഡിസംബർ 15*** — ***ഡി. പങ്കജാക്ഷക്കുറുപ്പ്***

*സ്മരണാഞ്ജലി കഴിഞ്ഞാൽ അതിന്റെ വിവരണങ്ങളാണ് ദർശനത്തിൽ ആദ്യം കൊടുക്കാറുള്ളത് എന്നാൽ ഇന്നത്തെ കലുഷിതമായ സാമൂഹ്യ അന്തരീക്ഷം കണ്ടിട്ട് അത് നേരത്തെ കണ്ടറിഞ്ഞ കുറുപ്പ് സാർ എന്ത് പരിഹാരം ആണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന് ഒന്ന് വായിച്ചുനോക്കാം.*

മാനവചരിത്രത്തിന്റെ അറിയപ്പെടുന്ന കാലം മുതൽ ഇന്നുവരെ പലരും മറ്റുള്ളവരെ തന്റെ വഴിക്കുകൊണ്ടു വരുവാൻ ശ്രമിച്ചിട്ടുള്ളതായി നമുക്കറിയാം. ഒത്തിരിവഴികളുണ്ടായി. അതിലേതെങ്കിലും ഒരു വഴിയിലാണ് നാം ഓരോരുത്തരും പിറന്നു വീണിട്ടുള്ളത്. മനുഷ്യ വർഗ്ഗത്തിനിടയിൽ ഒരു കുഞ്ഞിന് സ്വതന്ത്രമായി പിറന്നുവീഴാൻ ഒരു ശൂന്യസ്ഥലം ഇനി ഇല്ല. പ്രസവം മുഴുവൻ വഴിയിലാണ്. ആർക്കും വഴിതേടേണ്ടി വരുന്നില്ല. വഴിയേ സഞ്ചരിച്ചാൽ മാത്രം മതി. സ്വന്തം പാദങ്ങളെ സ്വയം ചലിപ്പിക്കണമെന്നുമില്ല. ഒഴുക്കിൽ നീങ്ങിക്കൊള്ളും. ശ്രീധരൻ ജൻമനാ ഹിന്ദുമാർഗ്ഗത്തിൽ ഒഴുകും. റഷീദ് ഇസ്ലാം മാർഗ്ഗത്തിൽ, ജോസഫ്

ക്രിസ്തുമാർഗ്ഗത്തിൽ, അങ്ങനെ ആദിവാസി കളുൾപ്പെടെ എല്ലാ മനുഷ്യർക്കും ചരിത്രം ഓരോ വഴി ഒരുക്കിയിട്ടാണ് ജൻമം നൽകുന്നത്. പിറവി മുതലേ ഒഴുകുകയാണ്. ബോധപൂർവ്വമായ ഗതിയല്ലാത്തതുകൊണ്ട് വൃഥാവട്ടം കറങ്ങുകയല്ലാതെ മുന്നോട്ടാരും നീങ്ങുന്നില്ലെന്നുമാത്രം.

എനിക്കു വേണമെങ്കിൽ മറ്റു ഭാഷകൾ പഠിക്കാം. മറ്റൊരു ഭാഷ എന്റെ സംസാര ഭാഷയാക്കാം. അതുപോലെ മറ്റു മതങ്ങൾ പഠിക്കാം. മതം മാറുകയും ചെയ്യാം. എന്നാൽ ജൻമനാ എന്നെ ചരിത്രം അതിന്റെ കൂട്ടിൽ ഇട്ടുവളർത്തിക്കൊണ്ടിരിക്കുന്നതു കൊണ്ട്, അതിനു പുറത്തു ചാടാൻ എന്നിൽ സവിശേഷമായ സ്വാതന്ത്ര്യം നേടി എടുക്കേണ്ടിവരും. സാധാരണക്കാരായ നമ്മളെല്ലാം ജയിലിൽ ജനിച്ച് ജയിലിൽ വളർന്ന് ജയിലിൽ തന്നെ മരിക്കുകയാണ്. ജയിലിലാണ് താൻ എന്നതിരിച്ചറിവു പോലും ഉണ്ടാവാനിടയാകാത്ത വണ്ണം ചരിത്രം അത് സാധിച്ചെടുത്തു കഴിഞ്ഞു.

ഇനി എന്താ ചെയ്യുക ? ഞാൻ ഈഴവനല്ലാ, മനുഷ്യനാണ് എന്നു ഞാൻ പറഞ്ഞാൽ മറ്റുള്ളവർ അതു സമ്മതിച്ച് എന്നോടു പെരുമാറില്ല. നാരായണ ഗുരു ഞാൻ ഹിന്ദുവും ഈഴവനു മൊന്നുമല്ല മനുഷ്യനാണ് എന്ന് പ്രഖ്യാപിച്ചിട്ടും ഇന്നും ലോകം ഗുരുവിനെ ഈഴവനായി കരുതുന്നുവെന്നു തന്നെയല്ല, ഈഴവർ പോലും അതിനു പരിപോകാൻ ഗുരുവിനെ അനുവദിക്കുന്നുമില്ല. ഗാന്ധിജി ഇന്നും ബനിയ ജാതിയിൽപെട്ട ഒരു സവർണ്ണനാണ്- പലരുടേയും ദൃഷ്ടിയിൽ. നമ്മുടെ വർഗ്ഗത്തെ ചരിത്രം ഇത്തര ത്തിൽ ഭീകരമായ-രക്ഷപ്പെടാനാവാത്ത-ഒരു കെണിയിൽ വീഴ്ത്തി ക്കളഞ്ഞു. എന്താണ് രക്ഷാമാർഗ്ഗം ?.

നമ്മളെല്ലാവരും മഹാ പ്രകൃതിയുടെ ഭാഗമാണ് എന്നൊരു സത്യമുണ്ട്. ഹിന്ദുവിനും മുസ്ലീമിനും വേറേവേറെ വായുവില്ല. ജനനമരണങ്ങൾ ഒരു പോലെ. ഉറക്കത്തിൽ നാമൊന്ന്. വിശ്വാസ ത്തിലും ആചാരത്തിലും വീക്ഷണത്തിലും എത്ര അകലമുണ്ടായിരു ന്നാലും ജീവിതത്തിൽ എല്ലാവരും പരസ്പരാശ്രയത്തിലാണ്. പുലയരുടെ മുറ്റത്തെ വാഴപ്പഴം ബ്രാഹ്മണനും തിന്നാം. എന്നല്ല, അങ്ങനെയേ കഴിയാൻ പറ്റൂ. പ്രകൃതി നമ്മെ പരസ്പരാശ്രിതരാക്കി

യിരിക്കുന്നു. ഇതു പൊട്ടിക്കാൻ ഒരു വിശ്വാസത്തിനും പറ്റില്ലല്ലോ. ഇവിടെ വ്യക്തമാക്കാൻ ശ്രമിക്കുന്ന വസ്തുത ചരിത്രം നമ്മെ വേർതിരിച്ചുവെങ്കിലും ജീവിതം നമുക്കൊന്നാണ് എന്നാണ്. ഇന്നും എന്നും അതങ്ങിനെ തന്നെ. ഒരേ ഭൂമിയിൽ നാം ഒന്നിച്ചു ജീവിക്കുന്നു. എന്നതല്ലേ വസ്തുത? എന്തേ നാം ഇങ്ങനെ അകലാൻ കാരണം? ഓരോരുത്തരും ഈ ചോദ്യത്തിനുത്തരം തേടേണ്ടതാണ്.

ഒരാശയം രൂപപ്പെടുമ്പോൾ അതിന് ഒരു വ്യക്തിത്വം വരും അതിസൂക്ഷ്മമായ ജീവനിൽ നിന്നാണ് പ്രകടമായ ജഡം ഉണ്ടായി നമുക്ക് കാണാൻ തക്കവണ്ണം പ്രത്യക്ഷീഭവിക്കുന്നത്. ജീവൻ ഒന്നു തന്നെ ജഡം വേറെ വേറെ. ഇത് സൃഷ്ടിയുടെ കലയാണ്. ഒന്നിന് പല രൂപം നൽകി രസിക്കുക. ഒന്ന് ഒന്നായിത്തന്നെ ഇരുന്നാൽ പരസ്പരാനന്ദം അനുഭവിക്കാനാവില്ല. പലതായി രൂപപ്പെട്ടിട്ട് അന്യോന്യം ചേർന്നാലേ വികാരമുണ്ടാവൂ. ഈ ലീലയ്ക്കായിരിക്കാം ഇക്കണ്ടവൈവിധ്യമത്രയും. അറിഞ്ഞുകൂടാ. ഊഹമാണിപ്പറയുന്നത്. അനുഭവമല്ല. ഏതായാലും ജീവന് രൂപമുണ്ടായിക്കഴിയുന്നതോടെ ഞാൻ എന്ന ഭാവവും ഉണ്ടാകും. ഞാൻ എന്നഭാവം ഉണ്ടാകുമ്പോൾ മറ്റുള്ളവർ എന്നതോന്നൽ വരും. ഞാനും മറ്റുള്ളവരും എന്ന ധാരണ ഉറയ്ക്കുമ്പോൾ താരതമ്യ ചിന്തവരും. ആരാണ് മെച്ചം? അത് ഞാൻ തന്നെ. ഭൂമിയിൽ മറ്റെല്ലാ ജീവരാശികളെക്കാളും ശ്രേഷ്ഠൻ മനുഷ്യനാണ്. മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠൻ ഞാനാണ്; എന്റെ നാടാണ്; എന്റെ ഭാഷയാണ്; എന്റെ മതമാണ് എന്നിങ്ങനെ ഞാൻ എന്നഭാവം ദൃഢമാകുന്നതോടുകൂടി മുഴകൾ കൂടിക്കൂടിവരാൻ തുടങ്ങും. നമ്മളെല്ലാം അടിമുടി മുഴകൾ ഉള്ളവരാണ്. ഈ മുഴകളാണ് പരസ്പരം അടുത്ത്, സന്തോഷമായി ജീവിക്കുവാനുള്ള തടസ്സം എന്നുതോന്നുന്നു. യഹൂദരോളം ശ്രേഷ്ഠർ ഭൂമിയിലാരുമില്ലെന്നവർ കരുതുന്നു. അതുകൊണ്ട് മറ്റാരോടും ചേരാൻ അവർക്കുകഴിയുന്നില്ല. മറ്റാരും തന്റെ ഒപ്പം വരരുത്. എല്ലാവരും പിന്നിലും താൻ മുന്നിലുമാവണം എന്ന ഈ പ്രാകൃത ഭാവത്തിൽ നിന്നാണ് അലാക്സാണ്ടർ ചക്രവർത്തി ഉണ്ടായി വന്നത്. ഓരോരുത്തരും അവരവരുടെ ലോകത്തിൽ അലക്സാണ്ടരാണ്. യുദ്ധം ചെയ്ത് ക്ഷീണിച്ച് വൃഥാ അകാലമരണം അടയാം. അനേകരെ വേദനിപ്പിക്കാം. കൊല്ലാം,

ഇതുതന്നെ നാം ഇന്നും ചെയ്തു കൊണ്ടിരി ക്കുന്നത്. പ്രാകൃത അഹംഭാവമാണിതിനു കാരണമെന്ന് അനു മാനിക്കാം.

ഈ മാനസിക ബന്ധനത്തിൽ നിന്നുള്ള മോചനമാണ് സ്വാതന്ത്ര്യം. അതിനുള്ള ശ്രമമാണ് പൗരുഷം. ഈ പൗരുഷം പ്രകടമാക്കാ നുള്ള അവസരം സൃഷ്ടിക്കുവാനാണ് ഈ പ്രകൃതം തന്നിരിക്കുന്നത്. പ്രകൃതം പ്രകൃതമായി തുടരാനുള്ളതല്ല. പ്രകൃതി യിൽ നിന്ന് സംസ്കൃതിയിലേക്ക് കയറുന്നതിനു വേണ്ടിയാണ്, സ്വഭാവം ഇങ്ങനെ താഴ്ത്തിവച്ചിരിക്കുന്നത്. പ്രകൃതിയിൽ നിന്ന് കീഴോട്ടു പോകാം – അതാണ് വികൃതി – ഇതാണ് എളുപ്പം. ഈ എളുപ്പവഴി യിലാണ് നാം ഇന്നുള്ളത്. ഈ അധോഗതിയിൽ നിന്ന് ഉൽഗതി പ്രാപിക്കുവാൻ ഒന്നിച്ചുള്ള ശ്രമമാണ് വേണ്ടത്. ആ ശ്രമത്തിന്റെ ഭാഗമാണ് സംവാദം. എടോ നാം ഒന്നിച്ചപകട ത്തിലേയ്ക്കാണ്. നമുക്കൊന്നിച്ചേ രക്ഷപ്പെടാനാവൂ. കൈകോർത്ത് തോൾ ചേരു. തോൾചേരും. തിരിഞ്ഞ് മുന്നോട്ടടി വയ്ക്കൂ . എന്ന് അപരനോട് പറയേണ്ടിവരും. താൻ തന്റെ കാര്യം നോക്ക്. ഞാൻ എന്റെ കാര്യം നോക്കിക്കൊള്ളാം എന്നു മറുപടി പറഞ്ഞു പോകുന്നത് അവരുടെ കുറ്റമല്ല. മാനസിക വൈകൃതമാണ്. ദൗർബല്യമാണ്. സാവധാനമേ അത് തിരുത്താൻനോക്കൂ. അഹംഭാവം വർദ്ധിക്കുന്നതിനനുസരിച്ച് പരസ്പരലയത്തിന് തടസ്സം വർദ്ധിച്ചുവരും. നമുക്ക് പൂർണ്ണലയമല്ല; പരസ്പരപൂരക മായാൽ മതി. ഭൗതിക രൂപം ഉള്ളകാലത്തോളം അതുമതി. അതേപറ്റൂ. ഒരുമെയ്യ് ആകേണ്ട. ഇരുമെയ്യുകൾ അനുകൂലമായി വരുന്നതിലെ ആനന്ദമാണ് ജീവിതത്തെ ധന്യമാക്കുന്നത്.

വീട്ടിൽ തുടങ്ങണം. വീട്ടിനുള്ളിൽ അംഗങ്ങൾ അന്യോന്യം ബോധപൂർവ്വം അനുനിമിഷം അനന്യഭാവം നിലനിറുത്താൻ ശ്രമിക്കണം. അയൽക്കാരിലേയ്ക്കും പരസ്പരം അതുപടരണം. ഭൂമിക്കാർ എന്നബോധവും വികാരവും ഓരോരുത്തരിലും തളിർത്ത് പൂത്തു വിരിഞ്ഞുവരണം. പൂക്കുന്നതെല്ലാം കരിയുന്ന കാലാവസ്ഥയാ ണിന്നുള്ളത് എന്നു സമ്മതിക്കുന്നു. അതുകൊണ്ട് പൂക്കാതിരിക്കരുത്. അന്യോന്യഭാവം ഭൂമിയിലാകെ നിറയുന്നതിന് ഓരോ മനസ്സും ഉറവിടമാകണം. എന്റെ മനസ്സിൽ നിന്ന് ഒരുറവ ജനിക്കട്ടെ. അതെനിക്കാകാമല്ലോ. അപരനേയും പ്രേരിപ്പിക്കാം.

ഇതാണ് മനുഷ്യജീവിതം. ഒന്നിച്ച് ഒരടിമുന്നോട്ടുവയ്ക്കുവാൻ കഴിഞ്ഞാൽ അത്രയും നന്ന്.

ഒന്നിച്ചു മുന്നേറുന്നതിൽ വിവിധ വഴികളിലൂടെയുള്ള യാത്ര തടസ്സമാകില്ലേ ? ആകും. എന്താണ് പോംവഴി ? വഴി അടയ്ക്കാതിരിക്കൂ. യാത്ര തുടരട്ടെ. വിശ്വാസവും ആചാരവും പലതായിരിക്കുമ്പോൾത്തന്നെ ജീവനിൽ ഒന്നുതന്നെ; ജീവിതത്തിലും ഒന്നുതന്നെ എന്ന വിചാരം ഉറപ്പിച്ചു കൊണ്ടുവന്നാൽമതി. അതിനുള്ള ലളിതമായ നേർവഴിയാണ് അയൽക്കൂട്ടം.

പരസ്പരം അടുത്ത് ജീവിക്കാൻ തയ്യാറായാൽ മാത്രം മതി. മക്കൾ ഒന്നിച്ചു മുട്ടിയാൽ ഭൂമിചുരത്തിത്തരും. ഇവിടെ എല്ലാം വേണ്ടതി ലെത്രയോ അധികമുണ്ട്. ഒന്നിച്ചെടുത്ത് പങ്കിട്ടുകഴിച്ച് സാനന്ദം ആടിപ്പാടി ഭൂമിയിലാകെ വിഹരിക്കാം. ആയിരം വിശ്വാസങ്ങളും ആയിരമായിരം ആചാരങ്ങളും ഭാഷകളും നില നിന്നുകൊള്ളട്ടെ. ജീവിതം - അത് ഒന്നിച്ചാണ്. അന്യോന്യമാണ്. നിന്റെ വിശ്വാസം എന്തായിരുന്നാലും നീ എന്റേതും ഞാൻ നിന്റേതുമാണ്.

# സ്മരണാഞ്ജലി ഒരു ലഘു വിവരണം

**അണിയറയിൽ**

ശനിയാഴ്ച വൈകിട്ട് ഹംസാസാർ വന്നു. ദർശനവും ബാനറുകളും അച്ഛന്റെ വലിയ ചിത്രവും പുസ്തകങ്ങളുമെല്ലാം കാറിൽ കയറ്റി അമ്പലപ്പുഴ സന്ദർശനിലേയ്ക്ക് യാത്ര തിരിച്ചു. സതീശ് ചന്ദ്രൻ, അഷറഫ്, സുധീർ, ഡോ. പത്മകുമാർ, സുനിൽ കഞ്ഞിപ്പാടം, വേണു, ഷാജി തുടങ്ങിയവരെല്ലാം ഒപ്പമുണ്ട്. മഴ ചാറുന്നുണ്ടെങ്കിലും അത് നോക്കി നിൽക്കാൻ നേരമില്ല. ബാനറുകളെല്ലാം യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കണം. വേദിയൊരുക്കണം. അനശ്വറിന്റെ നേതൃത്വത്തിൽ നാളത്തെ ഭക്ഷണത്തിനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. എല്ലാവരും കൂടി ചേർന്ന് രണ്ടു മണിക്കൂർ കൊണ്ട് പണികളൊതുക്കി. ജെ.പി. വേളമാനൂരും, ശ്രീകലയും കാലടിയിൽ നിന്നും എത്തി. അവർ രാത്രി വിശ്രമത്തിന് ഡോ. പത്മകുമാറിന്റെ വസതിയിലേയ്ക്ക് പോയി. വഴി നടന്നു വരുന്നവർക്ക് തെറ്റാതിരിക്കുവാ

നായി ഭൂമിക്കാരൻ നഗറിലേയ്ക്ക് സ്വാഗതം എന്ന ബാനർ ഇടയ്ക്കിടെ പ്രദർശിപ്പിച്ചു.

**ഞായറാഴ്ച പ്രഭാതം പദയാത്ര**

പാലക്കാട് നിന്നും ഫാ. തോമസ് കാഞ്ഞമല, തിരുവനന്തപുരത്തു നിന്നും ശ്രീകുമാരി ചേച്ചി, ശാസ്താംകോട്ടയിൽ നിന്നും അപ്പുക്കുട്ടൻ സാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ യു.എം. കബീർ, അമ്പലപ്പുഴ ക്ഷേത്രോപദേശക സമിതി സെക്രട്ടറി ശ്രീകുമാർ, ഹരിപ്പാട് നിന്നും ശ്രീകുമാർ, ഓമന ചെമ്പകശ്ശേരി, ജി.പി നായർ, സമഭാവന ഡയറക്ടർ രാധാകൃഷ്ണൻ, പ്രദീപും മകളും, കൃപയുടെ സെക്രട്ടറി ദേവൻ, ഗിരിജൻ, ബോസ് ചേട്ടൻ തുടങ്ങിയവർ ചേർന്ന സംഘം അമ്പലപ്പുഴ ടൗൺഹാളിൽ രാവിലെ ഒത്തു ചേർന്നു. ഗിരിജൻ പദയാത്രികർക്ക് ദർശനത്തിന്റെ സന്ദേശം നൽകി. 8.30ന് മുന്നിൽ പരസ്പരാനന്ദയാത്രാ ബാനറുമായി ഞങ്ങൾ നടന്നു തുടങ്ങി. കച്ചേരിമുക്കു വഴി കിഴക്കോട്ട് വഴിയോരങ്ങളിൽ ലഘുലേഖകളും ദർശനവും വിതരണം ചെയ്തു കൊണ്ട് അമ്പലപ്പുഴ ക്ഷേത്രം ചുറ്റി 9 മണിയോടെ സന്ദർശനിൽ എത്തിച്ചേർന്നു. അനവധി പേർ അവിടെ കാത്തു നിന്നിരുന്നു. എല്ലാവരും ചേർന്ന് പ്രഭാത ഭക്ഷണം കഴിച്ചു. ഇനി നമുക്ക് മുകളിലത്തെ നിലയിലെ വേദിയിലേയ്ക്ക് പോകാം.

**മൈത്രീ ദീപം**

അച്ഛന് ചാർത്തുവാനുള്ള മാലയും പൂക്കളുമായാണ് ശാന്തി വന്നത്. എല്ലാവരും ഒന്നെണീക്കുക. മൈത്രീദീപം മനസ്സിൽ തെളിഞ്ഞു വരട്ടെ. നിലവിളക്കിലെ 5 തിരികൾ ശ്രീകുമാരി ചേച്ചി, ഫാ. തോമസ് കാഞ്ഞമല, ചന്ദ്രൻ പുറക്കാട്, ഓമന ചെമ്പകശ്ശേരി, ഡോ. പത്മകുമാർ എന്നിവർ ചേർന്ന് തെളിയിച്ചു. ഭാവിലോകം സി.ഡി.യിലൂടെ ഇതെല്ലാം കണ്ടുകൊണ്ടുള്ള അച്ഛന്റെ സന്ദേശം കേൾക്കാം. മൈത്രീഭാവന തുടിച്ചു നിൽക്കുന്ന അന്തരീക്ഷം. ഓരോരുത്തരായി വന്ന് കുറുപ്പു സാറിന് പുഷ്പാർച്ചന നടത്തി. പുഷ്പം ഒരു പ്രതീകം മാത്രം. മനസ്സു നന്നായവരെ സ്മരിക്കുമ്പോൾ അവരുടെ സത്പ്രവൃത്തികളെ ഓർക്കുമ്പോൾ നമ്മുടെ മനസ്സും നന്നാവും. മകൾ കൃഷ്ണ വന്ന് ഒരു പ്രാർത്ഥനാ ഗാനം ആലപിച്ചു. നീർക്കുന്നം സ്കൂളിലെ തണലിന്റെ ശിൽപ്പിയായ സുരേഷ് സാർ

എല്ലാവർക്കും സ്വാഗതം ഓതിക്കൊണ്ട് സ്മരണാഞ്ജലി സന്ദേശം നൽകി. പ്രളയത്തിൽ ജീവനും ജീവിതവും നഷ്ടപ്പെട്ടവരെ ഓർത്ത് അവരുടെ ദുഃഖത്തിൽ പങ്കുചേർന്ന് സമാധാനത്തിനായി പ്രാർത്ഥിക്കാം. വ്യക്തി നന്നാവാതെ സാമൂഹ്യമാറ്റം സംഭവിക്കുകയില്ല. മാറ്റം വീട്ടിൽ തുടങ്ങണം. കുറുപ്പുസാർ ദർശനത്തിലെഴുതിയിരുന്ന വീട്ടുകാരുടെ ചിന്തയ്ക്ക് എന്ന ലേഖനം ശ്രദ്ധിക്കുക. അഷറഫിന്റെ മകൾ അജ്മിലയാണ് വായിക്കുന്നത്. വീടിന്റെ രക്ഷയ്ക്ക് നമ്മുടെ രക്ഷയ്ക്ക് വീട് മാത്രം പോര, ഓരോരുത്തരുടെയും മനസ്സിൽ മറ്റുള്ളവരെ കുറിച്ചുള്ള ഭാവന വളർന്ന് അയൽക്കാരിലേയ്ക്ക് പടരണം. ആരുടേയും കുറ്റം നോക്കിയിരിക്കണ്ട. നല്ലതു കാണുക കാരുണ്യപൂർവ്വം പ്രവർത്തിക്കുക. നമ്മുടെ നാട് സ്വർഗ്ഗമാകും. അജ്മില സ്ഫുടമായി ലേഖനം വായിച്ചു കേൾപ്പിച്ചു.

## മാനുഷിക ധ്യാനം

മാനുഷിക ധ്യാനത്തിന് നേരമായി എല്ലാവരും ശരീരമനോബുദ്ധികളെ ഒന്ന് ക്രമപ്പെടുത്തി ഏകാഗ്രതയോടെ ഇരിക്കുക. നമ്മുടെ മനസ്സിന്റെ അപാരമായ ശക്തി മുഴുവൻ അനാവശ്യമായ ചിന്തകളിലൂടെ വൃഥാ നഷ്ടപ്പെട്ടു പോവുകയാണ്. ധ്യാനസമയം ഈ ചിന്തകളെയെല്ലാം ഒന്ന് അടക്കി ഏകാഗ്രമാക്കുക അപ്പോൾ മനസ്സിന് നല്ല കാര്യക്ഷമതയും പ്രവർത്തനശേഷിയും ലഭിക്കും. സ്വയം തിരിച്ചറിയാൻ തുടങ്ങുന്ന മനസ്സ് അവിടെ മറ്റുള്ളവർക്കു കൂടി ഇടം നൽകുന്നു. അതോടെ മനസ്സ് വളരാൻ തുടങ്ങുന്നു. അതിനനുസരിച്ച് അത് വിശാലവും ശുദ്ധവും ആനന്ദദായകവുമായി പരിണമിക്കുന്നു. ധ്യാനത്തിനായി കണ്ണുകൾ അടയ്ക്കുക.

മനസ്സിനെ സാവധാനം കൈപിടിച്ചുയർത്തി വീട്ടിലുള്ളവരെയും അയൽക്കാരെയും സ്നേഹിക്കുന്ന തലത്തിലേയ്ക്ക് കൊണ്ടു വന്ന് ശുഭചിന്തകളാൽ പൂരിതമാക്കി നാടും നഗരവും കടന്ന് ഭൂമിയാകെ വ്യാപിക്കട്ടെ. ഇവിടെയുള്ളവരെല്ലാം എന്റെ ബന്ധുക്കളാണ്. സർവ്വചരാചരങ്ങളെയും ഞാൻ സ്നേഹിക്കുന്നു. ഇപ്പോൾ ഭൂമി എന്ന വാഹനത്തിൽ ഒന്നിച്ച് യാത്ര ചെയ്യുന്നവരാണ് നാം. നമ്മുടെ കൊച്ചു മനസ്സിനെ വികസിപ്പിച്ച് ഈ മഹാപ്രപഞ്ചവും അതിലൊരു കണികയായ നമ്മളും ഒരേ ചൈതന്യനൂലിനാൽ കോർത്തിണക്കിയതാണെന്ന ബോധത്തിൽ ശാന്തമായിരിക്കുക. ഈ

ലോകത്തിൽ ശാന്തിയും സമാധാനവും പുലരട്ടെ. സാവധാനം കണ്ണുതുറക്കുക.

## പാരസ്പര്യം

സന്ദർശന്റെ വിശാലമായ ഹാൾ നിറയെ ദർശനം ബന്ധുക്കളുണ്ട്. എല്ലാവരും പരസ്പരം പരിചയപ്പെടുവാനായി വേദിയിലോട്ട് വരിക. കുടുംബമായി വന്നവർ ഒന്നിച്ചു തന്നെ വന്ന് പരിചയം പുതുക്കി. ശാസ്താംകോട്ടയിൽ നിന്നും അഡ്വ. ഗോപിനാഥപിള്ളയും പാർവ്വതി ചേച്ചിയും മകൾ മീര, ഭർത്താവ് അശോകൻ എന്നിവരും പേരക്കുട്ടികളുമായാണ് വന്നത്. അവരുടെ ആദർശപുരുഷന്റെ സ്മരണാഞ്ജലിയിൽ പങ്കെടുക്കുവാൻ കഴിഞ്ഞ സന്തോഷത്തിൽ ചേച്ചി പറഞ്ഞു - പാലക്കാട്ടുകാരിയായ എന്നെ ശാസ്താംകോട്ടക്കാരിയാക്കിയത് കുറുപ്പു ചേട്ടനാണ്. ഇരു കുടുംബങ്ങളെയും അറിയാമായിരുന്ന ചേട്ടനാണ് ഞങ്ങളുടെ ഇടയിൽ വിവാഹം എന്ന സേതു ബന്ധിച്ചത്. ഇപ്പോൾ കുടുംബാംഗങ്ങൾക്കെല്ലാം ഈ കൂടിച്ചേരൽ വളരെ ഹൃദ്യമായി. ദർശനം പ്രവർത്തക സമിതി അംഗങ്ങളായ അഷറഫ്, ഷാജി, സുധീർ, ബാബു, കൃഷ്ണക്കുറുപ്പ്, സതീഷ് ചന്ദ്രൻ, ഗാന്ധി സ്മാരകനിധി പ്രവർത്തകയായ സീതാദേവി, വേണു, സനൽ, ഗീത, ലത, അനിത ചേച്ചി, ഗീത എന്നിവരെല്ലാം കുടുംബസമേതം വേദിയിലെത്തി പരിയചപ്പെട്ടു. വിദ്യാധരൻ സാറിനെ പരിചയപ്പെട്ട് പിരിയാനാവില്ലല്ലോ സാറിന്റെ ഒരു പാട്ടു മതി സദസ്സിന് ഉന്മേഷം പകരുവാൻ അതുണ്ടായി. ഡോ. അമ്പലപ്പുഴ ഗോപകുമാർ വേദിയിലുണ്ട്. സാർ പത്രാധിപരായുള്ള ശ്രീവത്സം മാസികയുടെ മുഖചിത്രം കുറുപ്പു സാറിന്റേതാണ്. അതിന്റെ 100 കോപ്പികളും ദർശനത്തിനായി നൽകിയിട്ടുണ്ട്. വായനക്കാർക്കായി അത് വിതരണം ചെയ്യുന്നു. സാറിന്റെ സഹധർമ്മിണി പ്രൊഫ. വിജയലക്ഷ്മി ചേച്ചി അച്ഛന് ആദരാഞ്ജലികളർപ്പിച്ച് സംസാരിച്ചു. തുടർന്ന് ശ്രീകുമാരി ചേച്ചിക്ക് പണ്ട് അച്ഛനെഴുതിയ രണ്ട് കത്തുകൾ വായിച്ചത് ഗതകാല സ്മരണകളുണർത്തി. അച്ഛന്റെ മാർഗ്ഗദർശനം ഇന്നും ചേച്ചിക്ക് മധുരമായ ഒരു അനുഭൂതിയാണ്. ഇത് 14-ാം സ്മരണാഞ്ജലിയാണെങ്കിലും എത്രയോ പേരുടെ മനസ്സിൽ ദർശനം ഇന്നും ജീവിക്കുന്നു. ഡോ. പത്മകുമാർ, ഗീതാസാരസാക്ഷൻ, ഡോ. ഗോപാലകൃഷ്ണൻ,

ചന്ദ്രൻ പുറക്കാട്, എസ്.കെ.എം. ബഷീർ, ഗോപകുമാർ നീർക്കുന്നം, ജി.പി. നായർ, ഓമന ചെമ്പകശ്ശേരി, കൃഷ്ണദാസ് സാർ, വിജയൻ നളന്ദ, ശ്രീകുമാർ ഹരിപ്പാട്, സരോജിനി കൃഷ്ണൻ, ഗോപകുമാർ കളർകോട്, കെ.ജി. ബാലകൃഷ്ണപിള്ള, രാമചന്ദ്ര കൈമൾ തുടങ്ങിയവർ ആശയത്തിന്റെ മഹത്വവും അതിന്റെ കാലിക പ്രസക്തിയെക്കുറിച്ചും വിവരിച്ചു.

അസ്വസ്ഥമായ ഈ ലോകത്ത് ശാന്തിയും സമാധാനത്തോടും കൂടി ജീവിക്കുവാനുള്ള മാർഗ്ഗരേഖ കാട്ടിത്തന്ന കുറുപ്പുസാറിനെ അനുസ്മരിച്ച് വേദിയിലുള്ളവരൊക്കെ വന്ന് പരിചയപ്പെട്ട് അഭിപ്രായങ്ങൾ പങ്കുവെച്ചു. ആ വിശാലനിരയിലുള്ളവരുടെയെല്ലാം പേരുകൾ ഈ ലഘുവിവരണത്തിൽ കുറിക്കാനാവില്ല. എല്ലാവർക്കും കുറുപ്പു സാറിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

**അയൽക്കൂട്ടം**

മനസ്സിന് വേണ്ടത്ര പോഷണം കിട്ടിയല്ലോ ഇനി ശരീരത്തിന് അൽപ്പം ഊർജ്ജം പകരാം. കുറുപ്പു സാറിന്റെ കൊച്ചുമക്കളായ ഗോവിന്ദനും, അർജ്ജുനും കൂടി മുളപ്പിച്ച കപ്പലണ്ടിയും ഈന്തപ്പഴവും വിതരണം ചെയ്തു. ഇനി നമുക്ക് തറക്കൂട്ടം എന്ന പഠനക്കളരിക്ക് രൂപം കൊടുക്കാം. ആമുഖമായി ഡോ. അമ്പലപ്പുഴ ഗോപകുമാറിന്റെ സന്ദേശം കേട്ടാലും. സംസ്കാരച്യുതി കൊണ്ട് അന്ധകാരം ബാധിച്ച നമ്മുടെ സമൂഹത്തെ മനോ-വാക് കർമ്മങ്ങൾ കൊണ്ട് പ്രഭാപൂരിതമാക്കിയ കർമ്മയോഗിയായിരുന്നു കുറുപ്പുസാർ. സർവ്വരുടെയും ഉയർച്ചയും ആനന്ദവുമല്ലാതെ സാറിന് മറ്റൊരു ലക്ഷ്യവുമില്ലായിരുന്നു. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളായ മാനുഷിക ധ്യാനവും അയൽക്കൂട്ട സന്ദേശവും ക്ഷമയോടെ അവസാന നിമിഷം വരെ പ്രചരിപ്പിച്ചുകൊണ്ട് ഈ കാലഘട്ടത്തിന്റെ ചൈതന്യമായി ജീവിതം സന്ദേശമാക്കിയ മഹാനായിരുന്നു കുറുപ്പുസാർ. അദ്ദേഹത്തിന്റെ ആത്മസാന്നിദ്ധ്യം ഇപ്പോഴും ഇവിടെയുണ്ട് ഡോ. അമ്പലപ്പുഴ ഗോപകുമാർ അഭിപ്രായപ്പെട്ടു.

വേദി പിരിഞ്ഞ് 15 പേർ വീതം കൂടുന്ന കഴിയുന്നത്ര അപരിചിതരുടെ തറകൾ രൂപീകരിച്ച് ഹാളിലും മുറികളിലുമായി സ്ഥാനം പിടിച്ചു. നീർക്കുന്നം സ്കൂളിലെ തണലിന്റെ പ്രവർത്തകരായ സ്കൂൾ ലീഡർ തേജാലക്ഷ്മി, വിജിൻ, കൃഷ്ണേന്ദു എന്നീ കുട്ടി

കൾ തറക്കൂട്ടത്തിലേയ്ക്കുള്ള ലഘുലേഖകൾ വിതരണം ചെയ്തു. പ്രിയവായനക്കാരെ ഇന്നത്തെ ചർച്ചാവിഷയം നമുക്കൊന്ന് വായിച്ചു നോക്കാം.

## ഇന്നത്തെ ചർച്ചാവിഷയം

സ്വകാര്യമാത്ര പരതയിൽ കുടങ്ങിക്കിടക്കുന്ന മനസ്സിനെ എങ്ങനെ ഉയർത്തി പരസ്പരാനന്ദ തലത്തിൽ എത്തിക്കാം. ചർച്ചയ്ക്ക് സഹായകരമായ കുറുപ്പുസാറിന്റെ നാല് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു. വായിച്ച് സ്വാഭാഭിപ്രായങ്ങൾ പങ്കുവയ്ക്കുക.

1. ചുറ്റുമുള്ളവരെ ഹൃദ്യതയോടെ വിചാരിക്കാൻ ശ്രമിക്കുക. മൈത്രീ വിചാരത്തിൽ കൊണ്ടുവരിക ഉപദ്രവകാരികൾ എന്തുകൊണ്ട് അങ്ങിനെ ആയി എന്ന് ചിന്തിച്ച് അവർക്ക് ഉള്ളുകൊണ്ട് മാപ്പ് കൊടുത്തു സ്വന്തമാക്കുക മിണ്ടണമെന്നില്ല.

2. ചുറ്റുമുള്ള എല്ലാ വീടുകളുടെയും വീട്ടുകാരുടെയും പേരെഴുതി പഠിക്കുക. പ്രായവ്യത്യാസം നോക്കി സംബോധന ചെയ്യുവാൻ ശ്രമിക്കുക. എന്റെ സമുദായത്തിൽ നിന്നും വളരെ താണതെന്ന് പരമ്പരയാ കരുതിപ്പോരുന്ന സമുദായത്തിൽപ്പെട്ടവരെ ചേച്ചി, ചേട്ടൻ, അമ്മ, അമ്മാവൻ എന്നിങ്ങനെ ഉചിതമായ സംബോധനകളിലൂടെ വിളിക്കാൻ ഞാൻ ശീലിച്ചുകൊണ്ടിരിക്കുന്നു. പുരോഗതി ഉണ്ട്.

3. ചുറ്റുവട്ടത്തിലുള്ള വീടുകളുടെ ജീവിതത്തെ പറ്റി പഠിക്കാൻ ശ്രമിക്കുക. സാമ്പത്തിക നില, ആരോഗ്യനില, ജോലി, കുടുംബസ്വസ്ഥത, സ്വഭാവം നമുക്ക് അവരെ എങ്ങിനെ സഹായിക്കാൻ കഴിയും എന്നെല്ലാം ഒറ്റയ്ക്കിരുന്ന് ചിന്തിച്ച് ആത്മബന്ധത്തിൽ കൊണ്ടുവരണം.

4. അയൽക്കാരുടെ സഹായം ആവശ്യമായി വരുമ്പോൾ ചോദിക്കണം. സന്തോഷമായി വാങ്ങണം. അവർക്ക് ബദ്ധപ്പാട് കൂടാതെ നമുക്ക് വേണ്ടി ചെയ്യാവുന്ന എത്രയോ കാര്യങ്ങളിലൂടെ നമുക്ക് ബന്ധം ദൃഢീകരിക്കാൻ കഴിയും. അയൽവക്കത്ത് വിവാഹ നിശ്ചയം കൂടുതൽ അതിഥികൾ വന്നിട്ടുണ്ട്. നമ്മുടെ വീട്ടിലെ സൗകര്യം കൂടി അവർക്കാവശ്യപ്പെടുവാൻ കഴിയണം. നമ്മുടെ വീടും കൂടി ഉപയോഗപ്പെടുത്തികൊള്ളുവാൻ അവരോടു പറയു

വാൻ നമുക്കും കഴിയണം.

വണ്ട് അങ്ങിനെ പറന്ന് നടന്നിട്ട് പുഷ്പത്തിലിരുന്ന് തേൻ കുടിക്കുന്ന ഒരു പ്രതീതി. എല്ലാവരും സന്തോഷത്തോടെ ചർച്ച യിൽ പങ്കെടുക്കുകയാണ്. ഇതിനിടയിൽ ഊണു കഴിക്കാൻ വിളി ച്ചാൽ ആര് കേൾക്കാനാണ്. രണ്ടരമണിയായി ഊണിന് വന്നപ്പോൾ. ഗിരിജന്റെ മകൻ അനശ്വറിന്റെ നേതൃത്വത്തിൽ എല്ലാവർക്കും നല്ല ഭക്ഷണം തയ്യാറായിട്ടുണ്ട്. നല്ല മധുരത്തിനായി അടപ്രഥമനുമുണ്ട്. വിളമ്പിത്തരാൻ ഇതാ ബൈജുവും ബിന്ദു ബൈജുവും സൈന്ധ വനും ദർശനം മിത്രങ്ങളുമുണ്ട്. സന്ദർശന്റെ വിശാലമായ ഹാളും മുറികളും ഭക്ഷണശാലയും നമുക്കായി നൽകിയതിനാൽ ഈ കൂട്ടാ യ്മയ്ക്ക് ഇവിടെ പറ്റിയ ഒരു അന്തരീക്ഷമുണ്ട്. നന്ദി പറഞ്ഞ് അങ്ങനെ ഗിരിജനെ വിടുന്നില്ല. അന്യത്യം വേണ്ട എല്ലാം നമ്മുടേ തെന്ന ഭാവന ചെയ്യുവാനാണ് കുറുപ്പുസാർ പറഞ്ഞിട്ടുള്ളത്. പറ്റിയ സ്ഥലത്തല്ലേ പ്രയോഗിക്കാനാവൂ. സന്ദർശൻ നമ്മുടേതാണ്.

ഊണ് കഴിഞ്ഞെല്ലാവരും വേദിയിൽ തിരിച്ചെത്തി. നാസർ പൈങ്ങാമഠത്തിന്റെ ഒരു ഉശിരൻ പ്രസംഗം എല്ലാവരുടെയും ഊണുകഴിഞ്ഞുള്ള ആലസ്യം മാറ്റി. വിജയനാഥ് സാറിന്റെ "ആലാ യാൽ തറവേണം അടുത്തൊരമ്പലം വേണം" എന്നു തുടങ്ങുന്ന സമൂഹഗാനവും അൽഫിയയുടെ പാട്ടും കഴിഞ്ഞ് ഗ്രൂപ്പ് ചർച്ചക ളിൽ പങ്കെടുത്തവർ ഓരോരുത്തർ വന്ന് അഭിപ്രായങ്ങൾ പങ്കിട്ടു. സതീഷ് മനോരമ, അജി മുളങ്ങാട്, അഡ്വ. സുരേഷ്, ശശിധരൻ, തോമസ് കാഞ്ഞമല, അപ്പുക്കുട്ടൻ സാർ, ചന്ദ്രൻ പുറക്കാട് തുട ങ്ങിയവർ ഗ്രൂപ്പ് ചർച്ചകളിലെ സാരാംശം വിശദീകരിച്ചു. ഒരു മാതൃ കയ്ക്കായി അജിയുടെ ചർച്ചാവലോകനം ചേർക്കുന്നു.

ഞങ്ങളുടെ ഗ്രൂപ്പിൽ 14 പേരാണ് പങ്കെടുത്തത്. ചർച്ച യ്ക്കായി തന്ന 4 വിഷയത്തെക്കുറിച്ചും പഠിച്ച് ചർച്ച നടത്തി. പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുള്ള കാര്യമാണെങ്കിലും നമ്മൾ സ്വയം അനുഷ്ഠിച്ചു കൊണ്ട് പ്രവർത്തിച്ചാൽ പ്രായോഗികമാക്കാൻ കഴിയുമെന്നായിരുന്നു പൊതു അഭിപ്രായം. കുട്ടികളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ദർശനത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുകയാണെങ്കിൽ ഇത് പ്രായോഗിക തലത്തിലേയ്ക്ക് കൊണ്ടുവരുവാൻ സഹായകരമായിരിക്കും. ഇപ്പോഴുള്ള ദർശന

ത്തിന്റെ കൂട്ടായ്മ നിലനിർത്തുവാൻ കുറച്ചു പേരെങ്കിലും എല്ലാ മാസത്തിലും പങ്കെടുത്ത് ദർശനത്തെ ശക്തിപ്പെടുത്തുക.

## ചർച്ചകളുടെ സാരാംശം

ഭൂമി വൃഥാ സൂര്യന് ചുറ്റും കിടന്ന് കറങ്ങുകയല്ല. അത് സ്വയം കറങ്ങിക്കൊണ്ടാണ് ഭ്രമണം ചെയ്ത് സൂര്യനെ വലം വെയ്ക്കുന്നത്. സ്വബോധമുള്ളതാണ് ഭൂമി. അതിനാലാണ് നമുക്കിവിടെ രക്ഷയും ആവശ്യമുള്ളപ്പോൾ ശിക്ഷയും കിട്ടുന്നത്. ലോകത്തിന്റെ സ്വഭാവം മാറ്റിമറിക്കുക എളുപ്പമല്ല. സ്വയം മാറാതെ മറ്റുള്ളവരെ പരിവർത്തനം ചെയ്യാനാവില്ല. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ പറഞ്ഞു നടക്കാതെ ധർമ്മം അനുഷ്ഠിച്ചു കൊണ്ട് മറ്റുള്ളവരെയും അതിന് പ്രേരിപ്പിക്കുവാൻ മനുഷ്യന് കഴിയും. എല്ലാവരിലും ഒരേ ജീവചൈതന്യമാണെന്ന് തിരിച്ചറിയുമ്പോൾ പരസ്പരം സ്നേഹിക്കുവാനും കഴിയുന്ന സേവനങ്ങൾ ചെയ്യുവാനും നമുക്ക് കഴിയും. വിഷാദാത്മകമായ ഈ ലോകത്ത് അത്രയെങ്കിലും ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ മനുഷ്യൻ എന്ന പദവിക്ക് നമുക്കെന്താണർഹത? മനുഷ്യർ പരസ്പരാനന്ദത്തിൽ കഴിയേണ്ടവരാണ്. അപ്പോൾ മാത്രമേ ജീവിത വിജയം ഉണ്ടാവുകയുള്ളൂ. ഇത് മറന്ന് ഇവിടെ പോരടിക്കുവാൻ തുടങ്ങിയാൽ പ്രകൃതി തിരിച്ചടിക്കും. അത് രോഗങ്ങളായി കലഹങ്ങളായി പ്രകൃതിക്ഷോഭമായി പ്രത്യക്ഷപ്പെടും. നമ്മുടെ ഉള്ളിലേയ്ക്ക് നോക്കി സ്വന്തം കുറവുകളും തെറ്റുകളും കണ്ടറിഞ്ഞ് തിരുത്താൻ തയ്യാറാകണം. മനസ്സിൽ മൈത്രീഭാവം വളർത്തിക്കൊണ്ട് വരുമ്പോൾ മനോ മാലിന്യങ്ങൾ സ്വയം കൊഴിഞ്ഞ് പോകുമെന്നാണ് ദർശനത്തിന്റെ കണ്ടെത്തൽ. ഉള്ളിൽ ഉറവായി വരുന്ന സ്നേഹത്തിന്റെ കുളിരരുവിയിൽ സ്വകാര്യമാത്രപരത എന്ന രോഗാണു സമ്പൂർണ്ണം നശിച്ചു കൊള്ളും. ഇതിനായി ഓരോരുത്തരും സാധന തുടരുക എന്നതുമാത്രമാണ് ദർശനത്തിന്റെ പ്രചാരണത്തിനായി ചെയ്യേണ്ടത്. കുറുപ്പുസാറിന്റെ 4 നിർദ്ദേശങ്ങൾ മാനുഷികധ്യാനം, മൈത്രീഭാവന, ജൈവാർച്ചന, തറക്കൂട്ടം എന്നിവ ആവും വിധം പാലിച്ചു കൊണ്ട് സന്തോഷത്തോടെ ഈ ഭൂമിയിൽ ജീവിക്കുക എന്തിനാണ് ദുഃഖിക്കുന്നത്?

## ഇവിടെ തപസ്സിനിന്നാർക്കു നേരം

മൗനിയായി വേദിയിൽ എല്ലാം കണ്ടും കേട്ടും ഇരുന്ന ശിവനെ അഷറഫ് വേദിയിൽ നിർബന്ധിച്ച് കൊണ്ടു വന്നു. ഇത് എന്തിനാണെന്ന് പലർക്കും തോന്നിയേക്കാം. എന്നാൽ ഇവിടെ കൂടിയിരുന്നവരാരും ശിവന്റെ ഗംഗയെക്കുറിച്ചുള്ള പ്രൊഫസർ മധുസൂദനൻ നായരുടെ കവിത ജീവിതത്തിൽ മറക്കുകയില്ല. സ്വർഗ്ഗ ലോകത്തിൽ നിന്നും ഉദ്ഭവിച്ച് പരമശിവന്റെ ജഡാജൂഡത്തിൽ തങ്ങി ഹിമവൽ സാനുക്കളിലൂടെ ഒഴുകി തീരത്ത് തപസ്സ് ചെയ്യുന്നവരെയും തഴുകി ഒഴുകി ഭൂമിയെ സ്വർഗ്ഗമാക്കിയ ഗംഗയെ കുറിച്ച് പാടിയപ്പോൾ അത് കേട്ടവരുടെ സ്വന്തം ഹൃദയത്തിലൂടെ ഗംഗ ഒഴുകുന്ന ഒരു പ്രതീതി ജനിപ്പിക്കുന്ന വിധമായിരുന്നു ശിവന്റെ ഭാവഹാവാദികളിലൂടെയുള്ള ആലാപനം.

**കുര്യൻ ചേട്ടൻ** ഒരു സാധകനായ ഫാ. ജോർജ്ജ് ഫിലിപ്പുമായാണ് എത്തിയത്. പശുവും കൃഷിയും മാനുഷിക ധ്യാനവും പ്രകൃതി ജീവനവുമായി ചേർന്നുള്ള ഒരു സമർപ്പിത ജീവിതം. അടുത്ത സ്മരണാഞ്ജലി കോട്ടയത്ത് വെച്ച് നടത്തുവാൻ താത്പര്യപ്പെട്ടു കൊണ്ട് നമ്മെ അങ്ങോട്ട് ക്ഷണിച്ചു എല്ലാവരും അത് സ്വീകരിച്ചു. വേദിയിൽ സന്ദേശങ്ങൾക്കും കലാരംഗങ്ങൾക്കും തിരശ്ശീല വീഴുകയാണ്.

## കഞ്ഞിപ്പാടത്തേയ്ക്ക്

വരൂ നമുക്കിനി കുറുപ്പു സാറിന്റെ ജന്മഗൃഹം വരെ പോകാം. സാർ അവിടെ നമ്മെ പ്രതീക്ഷിക്കുന്നുണ്ട്. ചെറുവാഹനങ്ങളിലായി സംഘം അമ്പലപ്പുഴ നിന്നും വലിയനടക്കാവ് റോഡിലൂടെ കഞ്ഞിപ്പാടത്തെ വീട്ടിലെത്തി. നാട്ടുകാരിൽ പലരും അവിടെ കൂടിയിരുന്നു. അച്ഛന്റെ അന്ത്യവിശ്രമസ്ഥലത്ത് കോമളവല്ലി ചേച്ചി നിലവിളക്ക് കൊളുത്തി, അവിടെ കൂടിയിരുന്നവരുമായി ചേർന്ന് പുഷ്പാർച്ചന നടത്തി. നീർക്കുന്നം ഗോപകുമാർ കൊണ്ടുവന്ന 2 ഞാവൽ പഴത്തിന്റെ തൈകൾ കർഷകരായ ഫാ. തോമസ് കാഞ്ഞമലയും കുര്യൻ ചേട്ടനും ചേർന്ന് അച്ഛന്റെ അരികിൽ നട്ട് വെള്ളമൊഴിച്ചു. കനികൾ അച്ഛന് വളരെയിഷ്ടമാണ്, കൊടുക്കാനും. അപൂർവ്വവും ശ്രേഷ്ഠവുമാണ് ഞാവൽ പഴങ്ങൾ. റോഡരികിൽ

കാണുന്ന ഞാറപഴത്തേക്കാൾ വലുതും ചവർപ്പില്ലാത്തതുമായ ഞാവൽ പഴം വലിയ ഊർജ്ജ സ്രോതസ്സാണ് രോഗപ്രതിരോധ ത്തിനും രക്താഭിവൃദ്ധിക്കും ഉത്തമം.

മുറ്റത്ത് വിരിച്ച വിരിയിൽ എല്ലാവരും വന്നിരുന്ന് മാനുഷിക ധ്യാനം നടത്തി. ഗീതാസാരസാക്ഷൻ മാനുഷിക ധ്യാനവാക്യങ്ങൾ ചൊല്ലിത്തന്നു. സുധീർ ഗുരുപുരം സ്മരണാഞ്ജലിയുടെ സന്ദേശം നൽകി. രാമചന്ദ്രക്കുറുപ്പ് ചേട്ടൻ അനുസ്മരണ പ്രഭാഷണം നടത്തി. വിജയനാഥ് സാർ മൈത്രീഭാവന പ്രതിജ്ഞാ രൂപത്തിൽ ചൊല്ലി ത്തന്നു. സീതാദേവിയുടെ ഗാനാലാപനവും കൂടിയായപ്പോൾ എല്ലാ വരുടെയും മനസ്സ് നിറഞ്ഞു. രമയും ശാന്തിയും എല്ലാവർക്കും ചുക്കുകാപ്പിയും ഉണ്ണിയപ്പവും കരുതിയിരുന്നു. വിളമ്പാൻ ഗോവിന്ദനും അർജ്ജുനും ഉത്സാഹത്തോടെ ഓടിനടക്കുന്നുണ്ട്. അമ്പലപ്പുഴയിലും ഇവിടെയുമായി ഇരുന്നൂറോളം പേർ പരിപാടി കളിൽ പങ്കെടുത്തു. എല്ലാവർക്കും ദർശനത്തിന്റെ മംഗളാശംസ കൾ. ഇനി വീണ്ടും ചേരാനായി പിരിയാം. എന്നാൽ നാമിന്നിവിടെ കേട്ട സന്ദേശങ്ങൾ ഒരിക്കലും കൈവിടരുത്. മാനുഷിക ധ്യാനം കൊണ്ട് മനോവിളക്ക് നിത്യേന തുടച്ച് അതിൽ മൈത്രീ ദീപം കൊളു ത്തണം ജീവിതം പ്രകാശ പൂരിതമാകും.

## വിശ്വമൈത്രീദീപം

*ഓരോരുത്തരും അവരവരുടെ മനസ്സിൽ മൈത്രീവിചാര ദീപം കൊളുത്തണം. ജീവാവസാനം വരെ അത് കെടാതെ സൂക്ഷിക്ക ണം. കാറ്റും മഴയും അടവിയും ആഞ്ഞടിച്ച് കെടുത്തിക്കളയും. കെട്ടുകൊള്ളട്ടെ, വീണ്ടും കൊളുത്തണം. എന്താണീ ദീപം. വിചാ രദീപം. ഭാവദീപം. "അന്യമായി ഒന്നുമില്ല. എല്ലാം ഒരു കുടുംബ ക്കാർ. തിരുത്താൻ ശ്രമിക്കാതെ ഗുണദോഷങ്ങളോടുകൂടി വീട്ടി ലുള്ളവരേയും നാട്ടുകാരേയും സർവ്വരേയും ഉള്ളിൽ സ്വന്തമാ ക്കുക. എന്റെ ശിഷ്ടജീവിതകാലത്ത് വിദ്വേഷവും പകയും വെടിഞ്ഞ് സർവ്വമതസ്ഥരേയും കക്ഷിക്കാരേയും ഭാഷക്കാരേയും സജ്ജനങ്ങളേയും ദുർജനങ്ങളേയും സ്വന്തമായിക്കണ്ട് പെരുമാ റുവാൻ ഞാൻ പരിശ്രമിക്കും". ഈ വിശ്വമൈത്രീ വിചാരം സദാ അവസാന ശ്വാസം വരെ കൈവിടാതെ സൂക്ഷിക്കണം. വിചാര*

*മാർഗ്ഗത്തിലൂടെ വിശ്വപരിവർത്തനത്തിനുള്ള ഒരു സാധനയാണിത്. സകലകർമ്മങ്ങളിലും വാക്കിലും ഈ ആർദ്രത വറ്റാതെ നിലനിൽക്കണം. ഈ ഭാവം പരിശീലിച്ചാൽ ഇതിന് യോജിച്ച പെരുമാറ്റങ്ങൾ സ്വയം ഉരുത്തിരിഞ്ഞുവരും. ചടങ്ങാവരുത്. ഉള്ളിൽനിന്ന് കത്തുന്ന ദീപമാകണം. അന്യനു പ്രകോപനമുണ്ടാക്കുന്ന ശബ്ദങ്ങൾ മുഖത്തുനിന്നു വരില്ല. അന്തരീക്ഷം ആകെ ശാന്തമാകും. മനസ്സിൽനിന്ന് സംഘർഷങ്ങൾ സാവധാനം നീങ്ങി മനസ്സ് ആനന്ദാനുഭൂതിയിൽ വരും. ഒരാൾക്കുപോലും ഒരു സാഹചര്യത്തിലും അസഹ്യതയോ അപമാനമോ ഉളവാകാനുള്ള ഒന്നും ആരിൽനിന്നും ഉണ്ടാവില്ല. ആരും അവരവരുടെ പാർട്ടിയോ മതമോ ജാതിയോ ഒന്നും ഉപേക്ഷിക്കേണ്ട. സംഘടനയും ഫണ്ടും വേണ്ട. ജാഥയും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കേണ്ട. ഈ മൈത്രീവിചാരം ശീലിച്ചാൽ അഹംഭാവം കുറഞ്ഞുവരും. ആരെയും പുച്ഛിക്കാൻ തോന്നുകില്ല. വാക്കിലെ പരുക്കൻ മട്ടുമാറി മധുരമാകാൻ തുടങ്ങും. വീട്ടിൽ സ്വൈരം കിട്ടും. രോഗങ്ങൾ വിട്ടുമാറും. മറ്റാരും ചെയ്തില്ലെങ്കിലും ഞാനിത് ശീലിക്കുമെന്ന് ഓരോരുത്തരും നിശ്ചയിക്കണം. മറ്റുള്ളവരെ പ്രേരിപ്പിക്കണം.*

---

# കൊച്ചുവർത്തമാനം

**മൂഷികപുരാണം–** ഇതൊരു പഴയവീടാണ് താമസക്കാരും പഴഞ്ചൻ തന്നെ. മച്ചിൻപുറത്തെല്ലാം മരപ്പട്ടികൾ സ്വൈര്യവിഹാരം നടത്തുന്നു. കഴിഞ്ഞ ആഴ്ച ഹാളിലെ സീലിംഗ് പൊളിഞ്ഞ് മരപ്പട്ടികൾ താഴെ വീണു വളരെ പാടുപെട്ടു മുറി ശരിയാക്കാൻ. അടുക്കളയിലും സ്റ്റോറിലും എല്ലാം വലിയ എലി ശല്യമാണ്. എന്നാൽ എലി പറയുന്നത് എന്നെകൊണ്ട് വലിയ ശല്യമാണെന്നാണ് അവർക്ക് ഇങ്ങനെ നടക്കാൻ വയ്യത്രേ. അടുക്കളയിലെ ഭക്ഷണസാധനങ്ങൾ തിന്നുകയും പാത്രങ്ങൾ കരളുകയുമാണ് എലികളുടെ രാത്രികാല പരിപാടി. ലത എലിപത്തായം വെച്ച് ദിവസവും എലിയെ പിടിക്കും ഞാൻ അതിനെ അടുത്തുള്ള കാട് പിടിച്ച ആൾ താമസം ഇല്ലാത്ത ഒരു പറമ്പിൽ കൊണ്ടുവിടും. ഇങ്ങനെ ഒരു നൂറ് എലികളെ എങ്കിലും കൊണ്ട് വിട്ടിട്ടുണ്ട്. ഇപ്പോഴും വീട്ടിൽ എലിക്ക് ഒരു കുറവുമില്ല. അപ്പോൾ പലരും പറയാൻ തുടങ്ങി ഇത് പാഴ്

വേലയാണ്. എലികൾ തിരികെ വരും .ഇത്രയും ദൂരം നടക്കില്ലെന്ന് ഞാനും. ഇത് കേട്ട് തുറന്നുവിടാൻ കൊണ്ടുപോയ എലി പറഞ്ഞു ഞങ്ങൾക്കിങ്ങനെ ദിവസവും നടക്കാൻ വയ്യ ഇങ്ങോട്ട് കൊണ്ടു വിട്ടാൽ അങ്ങോട്ടും കൊണ്ടു പോകണം. അത് പറ്റില്ലെന്ന് ഞാൻ പറഞ്ഞു. വാക്ക് തർക്കമായി. അപ്പോൾ ആ മൂഷികൻ പറയുക യാണ്. ഞങ്ങൾ തട്ടിൻപുറത്തിരുന്നു ഇവിടെ നടക്കുന്നതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. നിങ്ങൾ മാനുഷിക ധ്യാനത്തിനാണെന്ന് പറഞ്ഞ് കാട്ടിലും കടപ്പുറത്തും പോയി വെറുപ്പും വിദ്വേഷവും എല്ലാം ഉപേക്ഷിക്കുകയാണ്, മൈത്രീഭാ വന ശീലമാക്കും എന്നൊക്കെ എത്രയോ കാലമായി പറയുന്നു. എന്നിട്ട് അത് വല്ലതും ഉപേക്ഷിച്ചോ. എല്ലാം തിരിച്ചുവന്നില്ലേ. പിന്നെ ഞങ്ങൾ മാത്രം തിരിച്ചുവരരുത് എന്ന് പറഞ്ഞാൽ നടക്കില്ല മോനെ. ആദ്യം സ്വയം നന്നാകാൻ നോക്ക്. മൂഷികൻ പറഞ്ഞത് ശരിയാ ണെന്ന് തോന്നി പിന്നെ ഞാനൊന്നും മിണ്ടിയില്ല. പരിഹാരം അന്വേ ഷിച്ച് കണ്ണടച്ചു് ഉള്ളിലേക്ക് നോക്കി. നൂറ്കൂട്ടം ചിന്തകൾകൊണ്ട് മനസ്സ് മലിനമായി കിടക്കുന്നു. പുരോഗതിക്ക് തടസ്സമായി നിൽക്കുന്നത് മനസ്സ് തന്നെയാണ്. ഉള്ളിൽ സമത്വവും സാഹോദ ര്യവും വേണ്ടുവോളം ഉണ്ട്. എന്നാൽ അഹങ്കാരം കൊണ്ടത് മൂടി കിടക്കുകയാണ്. ഒന്നു ഊതിതെളിച്ചാൽ മനസ്സ് നന്നാകും. എന്നാൽ അത്രവേഗമൊന്നും ഞാനെന്ന ഭാവം പിടിവിടുകയില്ല. അതെല്ലാവ രെയും കീഴ്പ്പെടുത്തിയിരിക്കുന്നു.

ഭൂമിയിലെ എല്ലാ മനുഷ്യർക്കും അവരവരുടെ വിശ്വാസപ്ര മാണങ്ങൾ ഉണ്ട്. അതാണ് അവരവർക്ക് ശ്രേഷ്ഠമായി തോന്നു ന്നത്. ഒരു കമ്യൂണിസ്റ്റിന് മാർക്സിയൻ ചിന്തകൾക്കപ്പുറം ഒരു തത്വ ശാസ്ത്രവും ലോകത്തില്ലെന്ന് തോന്നും. അത് അങ്ങനെ തന്നെ ഇരിക്കട്ടെ. അതാരും തച്ചുടക്കാൻ നോക്കരുത്. മറിച്ചും. ബുദ്ധ ദർശനവും, ഗാന്ധിയുടെയും, വിവേകാനന്ദന്റെയും, യേശുവി ന്റെയും, മുഹമ്മദിന്റെയും ഒക്കെ ദർശനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. കൂട്ടത്തിൽ നമ്മുടെ കൊച്ചുദർശനവും. ഈ വൈവിധ്യമാണ് പ്രകൃതിയുടെ മാധുര്യം ഇതൊന്നും ഇല്ലാതാക്കാൻ ആർക്കും ആവി ല്ല. അതിന് ശ്രമിക്കുന്നത് വങ്കത്വമാണ്. വൈവിദ്ധ്യത്തെ സ്വാഗതം ചെയ്യാൻ പഠിക്കണം. അതല്ലാതെ സസ്ഥജീവിതത്തിന് വേറേ

വഴിയില്ല. ഇതാ നാൽപ്പത് വർഷങ്ങൾക്ക് മുമ്പുള്ള ഒരു വനയാത്രാനുഭവം.

അഗസ്ത്യകൂടം കണ്ട ആനന്ദ ലഹരിയിൽ ഞങ്ങൾ മല ഇറങ്ങി വരുകയാണ്. വേഗം നടന്നാൽ ബോണക്കാട്ട് എത്താം. അവിടെ നിന്ന് തിരുവനന്തപുരത്തേക്ക് വണ്ടി കിട്ടും വഴികാട്ടിയായ സ്വാമി പറഞ്ഞു. ദൂരം മുപ്പത്തിയഞ്ച് കിലോമീറ്റർ ഞങ്ങൾ ഏഴ് പേരല്ലാതെ വഴിയാത്രക്കാർ ആരുമില്ല. കൊടും കാട് നടന്നിട്ടും നടന്നിട്ടും എങ്ങും എത്തുന്നില്ല. രാവിലെ മുതൽ നടക്കുകയാണ്. രണ്ട് ദിവസം മുൻപ് നെയ്യാർ ഡാമിൽ നിന്നും കോട്ടൂർ വഴിയാണ് അഗസ്ത്യകൂടം കയറിയത്. ഗംഭീരമായ ഒരു പർവ്വതാരോഹണമായിരുന്നു. ഇപ്പോൾ സന്ധ്യയാകാറായി. വിശപ്പും ദാഹവും ഞങ്ങളെ വിഴുങ്ങാൻ തുടങ്ങി. അതിനിടയിൽ . ഗൈഡ് പറയുകയാണ്. എനിക്ക് വഴി തെറ്റിയോ എന്ന് സംശയം. ആരോട് ചോദിക്കാൻ? ഞങ്ങൾ ആകെ അമ്പരുന്നു. കുടിവെള്ളം പോലും തീരാറായിരിക്കുന്നു. എങ്കിലും നടക്കുകയാണ്. ഇരുട്ടും മുൻപ് എവിടെയെങ്കിലും വെള്ളം ഉള്ളിടത്ത് എത്തണം, പിന്നെ പേടിക്കാനില്ല. കഞ്ഞി വെച്ച് കുടിക്കണം. വഴിയിൽ ഒരു മരം കുറുകെ വീണ് കിടക്കുന്നു. എല്ലാവരും അത് കവച്ചുവെച്ച് നടന്നു. എന്നാൽ വേണുവിന് ഒരു കാൽ പൊക്കി വെച്ചിട്ട് മറ്റേ കാൽ എടുക്കാൻ കഴിയാതെ അവിടെ തന്നെ തളർന്നിരുന്നു. തോളത്ത് കൈയിട്ട് ചേർത്തുപിടിച്ചുകൊണ്ട് ഞാൻ പറഞ്ഞു എടോ ആത്മ വിശ്വാസം വേണം ഭയപ്പെടരുത്. നമുക്കൊരു താവളം ഇപ്പോൾ കിട്ടും. ദൈവം നമ്മോടൊപ്പമുണ്ട്. നടക്കാം. ക്ഷീണിതനെങ്കിലും വേണു പറഞ്ഞു. എടോ ഇല്ലാത്ത ഒന്നിൽ എനിക്ക് വിശ്വസിക്കാനാവില്ല. ആത്മാവ് എന്നൊന്നില്ല. നമ്മളിപ്പോൾ ഏഴ് പേരുണ്ട്. എട്ടാമത് ഒരാളുണ്ടെങ്കിൽ ഞാൻ കാണട്ടെ വിശ്വസിക്കാം. എനിക്ക് അതിന് മറുപടി ഇല്ലായിരുന്നു.

വേണുവിനെ ചേർത്ത് പിടിച്ച് നടക്കവെ മോഹാലസ്യപ്പെട്ട് വേണു താഴെ വീണു. ഞങ്ങൾ താങ്ങിപിടിച്ച് കിടത്തി. കരുതൽ ജലം തളിച്ചു. അൽപം കഴിഞ്ഞ് വേണു കണ്ണ് തുറന്നു. ഞങ്ങളെ നോക്കി പറഞ്ഞു. എനിക്കിനി നടക്കാനാവില്ല. എന്നെ നോക്കി ഇരുന്നാൽ നിങ്ങളും അപകടത്തിലാകും. അതിനാൽ പോയി രക്ഷപ്പെടുക. ഇത് കേട്ടതോടെ പ്രതിസന്ധി രൂക്ഷമായി. “എനിക്ക് പ്രമേഹ

മാണ്, ഭക്ഷണം കിട്ടിയില്ലെങ്കിൽ ഞാൻ ഇപ്പോൾ ചത്തുപോകുമെന്ന് പറഞ്ഞു കൂട്ടത്തിലൊരാൾ കരച്ചിലായി". ഈ ഗുലുമാലുകൾക്കെല്ലാം കാരണക്കാരനായ എനിക്ക് കരയാനും ആവില്ലല്ലോ. വേണുവിന് കാവലിനായി ചന്ദ്രൻകുട്ടിച്ചേട്ടനേയും മണിയച്ചേട്ടനേയും ഇരുത്തിയിട്ട് കഞ്ഞി വെച്ചുകൊണ്ട് ഞങ്ങൾ വരും. ഒരു കാരണവശാലും ഇവിടെ നിന്നും മാററുത്. കാടാണ് വഴിതെറ്റിയാൽ നാം തമ്മിൽ ഇനി കാണില്ല എന്നുപറഞ്ഞ് അരിയും കലവുമെടുത്ത് കാടിളകുംവണ്ണം നാരായണ മന്ത്രം ജപിച്ച് സോമച്ചേട്ടനും ഗോവിന്ദനും ഗൈഡുമായി ജലമന്വേഷിച്ചുനടന്നു. പത്ത് മിന്നിട്ടിനകം ഞങ്ങൾ ഒരു പഴയ ആദിവാസി ക്ഷേത്രത്തിലെത്തി. ആൾക്കാരാരുമില്ലെങ്കിലും ഞങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഇവിടെയുണ്ട്. വെള്ളം കിടക്കാനിടം. വേഗം കൂട്ടരെകൊണ്ടുവന്നു. കാപ്പി ഉണ്ടാക്കികുടിച്ചു. ആഴി കൂട്ടി, ഭജനപാടി, കഞ്ഞിവെച്ചുകുടിച്ചു എന്നെന്നും ഓർക്കാൻ ഒരു ശുഭരാത്രി. ദൈവവിശ്വാസിക്കും വിശ്വാസം ഇല്ലാത്തവർക്കും ഒരുപോലെ നക്ഷത്രക്കുടപിടിച്ച സുന്ദരമായ രാത്രി. ഇവിടെ ഞാനിപ്പോൾ ചത്തുപോകുമെന്ന് പറഞ്ഞ് കരഞ്ഞയാൾ ഭക്തനെങ്കിലും ദൈവവിശ്വാസം കുറവാണ്. എനിക്ക് നടക്കാനാവില്ല നിങ്ങൾ പോയി രക്ഷപ്പെടുക എന്നുപറഞ്ഞു വിധിയെ സ്വീകരിച്ച വേണുവിന് നിസ്വാർത്ഥതയുണ്ട്, ധൈര്യമുണ്ട് അതാണ് ആത്മീയത. നിർഭയതയും കാരുണ്യവും ഉള്ള ഹൃദയങ്ങളിലാണ് ദൈവം വസിക്കുന്നത്. ദൈവത്തെ അറിയാൻ ഹിമാലയത്തിലോ ദേവാലയങ്ങളിലോ പോയില്ലെങ്കിലും സ്വന്തം നിലപാട്തറ നിർമലമാക്കിയാൽ ചുറ്റും കാണുന്ന ജനതയെ സേവിച്ചാൽ സത്യം തെളിഞ്ഞുവരും. തീർത്ഥയാത്രകൾ അതിന് സഹായകരമാകും. രാവിലെ ഉണർന്നു പരിസരമെല്ലാം ഒന്നു നോക്കികണ്ടു. ഞങ്ങൾ അറിഞ്ഞില്ലെങ്കിലും രാത്രി സെക്യൂരിറ്റിക്കാരുണ്ടായിരുന്നു. തെളിവിനായി പിണ്ഡമിട്ടിട്ടാണ് അവർ പോയത്. രാവിലെ നടന്ന് ബോണക്കാട്ടെത്തി. വഴിയൊന്നും തെറ്റിയിരുന്നില്ല. മുപ്പത്തിയഞ്ച് കിലോമീറ്റർ നടന്നെത്തണ്ടെ. ബോണക്കാടുനിന്നും വണ്ടിയിൽ തിരുവനന്തപുരത്തെത്തി. കാട്ടാക്കട സ്വദേശികളായ വേണുവിനോടും സ്വാമിയോടും യാത്ര പറഞ്ഞു. സ്വാമി ഒരു ദക്ഷിണപോലും ഞങ്ങളിൽനിന്നും സ്വീകരിച്ചില്ല. സ്വാമി ശരണം. ശബരിമലയിലും പോയിട്ടാണ് ആ യാത്രയിൽ ഞങ്ങൾ തിരിച്ചെത്തിയത്. ഇപ്പോൾ ദർശനം

കുടുംബാംഗങ്ങളുമായി എരുമേലി വഴി പമ്പക്ക് ഒരുയാത്രയ്ക്ക് ഒരുങ്ങിയിരുന്നു. എന്നാൽ അന്തരീക്ഷം ശുഭമല്ല. ശാന്തമായ ഒരു അന്തരീക്ഷം അവിടെയുണ്ടാകുവാൻ ബന്ധപ്പെട്ടവർക്ക് ബോധമുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ മൂഷികപുരാണം ഗദ്യം സമാപ്തം. കവിത തുടങ്ങുന്നു.

## മായാപ്രകൃതി

**സനൽകുമാർ 9605896925**

ഒരുനാളിലൊരുകൂട്ടം മൂഷികന്മാർ
ഒരു വീട്ടിലൊന്നായ്ക്കടന്നുകൂടി
ഏതാനും നാളുകൾക്കുള്ളിലാമൂഷികർ
അവിടെത്തൻ സാമ്രാജ്യമാക്കിവാണു
ജന്മവാസനാസ്വഭാവങ്ങളൊക്കെയും
അവിടെയും മുറയ്ക്കവർ ചെയ്തുപോന്നു
അവയെതുരത്തുവാൻ മാർഗ്ഗമില്ലാതെയാ
വീട്ടുകാരെല്ലാം അസ്വസ്ഥചിത്തരായ്
ഏതുനേരത്തിലും ഭാര്യയും മക്കളും
മൂഷികദുരിതങ്ങൾ മാത്രമേ പറഞ്ഞിടു
കഴിക്കുന്ന ഭോജനം, കുളിക്കുന്നസോപ്പല്ലാ
തുടുക്കുന്ന വസ്ത്രവും കേടാക്കി മൂഷികർ
വൈദ്യുതക്കമ്പിയെ കടിച്ചുമുറിച്ചിട്ടു
അന്ധകാരത്തിൽ കഴിയേണ്ടവസ്ഥയായ്
ചിന്താക്കുഴപ്പത്തിലായ ഗൃഹനാഥന്നു
പെട്ടന്നുതോന്നീയൊരാശയം തൻമനേ
തന്റെ സുഹൃത്തിന്റെ വീട്ടിൽ നിരവധി
പൂച്ചകളുണ്ടെന്ന വൃത്താന്തം കേട്ടുതാൻ
ഉടനേയവിടേയ്ക്കു വേഗത്തിൽ പാഞ്ഞൊരു
മാർജ്ജാരനേയും കരസ്ഥമാക്കീട്ടു വന്നയാൾ
മാർജ്ജാരനോരോരോ മൂഷികനേം തിന്നു
സന്തോഷ സംതൃപ്തിയോടെ വാണു
ഏതാനും നാളുകൾക്കുള്ളിലാമാർജ്ജാരൻ
നാലുകുഞ്ഞുങ്ങൾക്കും ജന്മമേകീ.

അവയും തൻ മാതാവിൻ ശീലം തുടർന്നിട്ടു
എലികളെയോരോന്നു തിന്നുസംതൃപ്തരായ്
നിസ്സാരകാലത്തിനുള്ളിലാവീട്ടലൊ-
രൊറ്റഎലിപോലും ഇല്ലാത്തവസ്ഥയായ്.
മൂഷികോപദ്രവം തെല്ലുമില്ലെങ്കിലുമാ
ഗൃഹത്തിലുള്ളോർക്കശാന്തി തന്നേ ഫലം.
എലികളെ തുരത്തുവാൻ വന്ന മാർജ്ജാരനോ
പെറ്റുപെരുകീയവിടെ നിറഞ്ഞഹോ!
എലികളെ ക്കൊണ്ടു സഹിച്ച ദുരിതങ്ങൾ-
ക്കപ്പുറം ദുരിതങ്ങൾ സഹിക്കണം പൂച്ചയാൽ!
എന്നപോലിപ്പോൾ പ്രകൃതിയും മനുഷ്യനും
ജീവനാശത്തിന്നു വഴിതെളിച്ചീടുന്നു.
വേനൽക്കാലത്തിലെ ചൂടുസഹിച്ചതിൻ
മേലേയസഹ്യമായ് ത്തീർന്നു മഴക്കാലം
ഉഷ്ണകാലത്തുള്ള വേദനയെത്രയോ
അതിലുമുപരിയാം മഴയാം ദുരന്തവും.
'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ'
പ്രകൃതിയെ ചൂഷണം ചെയ്തു സുഖിച്ചവർ-
ക്കിപ്പോൾ പ്രകൃതി നൽകിയീവേദന
ഇനിയും ദുരിതങ്ങൾ സൃഷ്ടിച്ചീടാതേ
അക്രമത്തിൽ നിന്നും പിരിയേണ്ടകാലമായ്
ചൂഷണത്തെത്തന്റെ ഭൂഷണമാക്കിയാൽ
കണ്ണീരും ദുഃഖവുമായിടും പ്രതിഫലം
ഇനിയുമീ പ്രകൃതിയെ വേദനിപ്പിക്കാതെ
സ്വന്തമായ്ക്കണ്ടിട്ടു രക്ഷയേകൂസദാ.

## ഓർമ്മയിൽ മറയാത്ത ശമരിയാക്കാരൻ

**ബാബു, കൊച്ചുപാലത്തിട്ട**

കഞ്ഞിപ്പാടത്ത് കൊച്ചുപാലത്തിട്ടയിൽ തുളസി, അനുജൻ ബാബു എഴുതിയ അച്ഛനെ കുറിച്ചുള്ള കത്ത് എന്നെ ഏൽപ്പിച്ചു.

എന്താണെന്ന് നോക്കാം....

പ്രതാപങ്ങളില്ലാത്ത പ്രമാണിയല്ലാത്ത ഒരു നാട്ടുകാരൻ പങ്കജാക്ഷൻ മച്ചുനെ ഓർക്കുകയാണിവിടെ. കുടുംബബന്ധങ്ങളിലെ കണ്ണികൾ വിട്ടു പോകാതെ കൂട്ടി വിളക്കികൊണ്ട് നാടും നാട്ടാരും പരസ്പരാനന്ദത്തിൽ കഴിയണമെന്ന് കരുതി പരിശ്രമിച്ചയാളായിരുന്നു പങ്കജാക്ഷൻ മച്ചൂൻ. എന്റെ ഗ്രാമം കഞ്ഞിപ്പാടം. ആലപ്പുഴയിൽ നിന്നും തെക്കോട്ടും ഹരിപ്പാട് നിന്ന് വടക്കോട്ടും, അറബിക്കടലിന് കിഴക്കോട്ടും ചമ്പക്കുളത്തു നിന്നും പടിഞ്ഞാറോട്ടും സഞ്ചരിച്ചാൽ എത്തുന്ന ശാന്തസുന്ദരമായ ഗ്രാമം. ചെമ്പകശ്ശേരി രാജകൊട്ടാരത്തിലേയ്ക്ക് കഞ്ഞിക്കു വേണ്ട നെല്ലുല്പാദിപ്പിച്ച ഗ്രാമം, രാജാവ് കൽപ്പിച്ചു തന്ന പേരു കൂടി ചേർന്നപ്പോൾ ഗ്രാമം ധന്യമായി. പിന്നീട് നെല്ല് മാത്രമല്ല ഇവിടെനിന്ന് അയൽക്കൂട്ടത്തിന്റെ വിത്തുകൾ മുളപ്പിച്ച് കേരളമാകെ വിതരണം ചെയ്തു.

ഇന്ന് കാണുന്ന പാതകളായിരുന്നില്ല ഈ ഗ്രാമത്തിൽ പണ്ട് ഉണ്ടായിരുന്നത്. ആലപ്പുഴയിൽ നിന്നും ബോട്ടിലൂടെയും പടിഞ്ഞാറ് തീരത്തു നിന്നും നടന്നും മാത്രമേ ഇവിടെ എത്താൻ കഴിയൂ. ഇന്നാകെ മാറി. പുരോഗമനത്തിന്റെ നാടായി മാറി. വാഹനങ്ങളെല്ലായിടത്തും സുലഭം. ചെറിയ കുടിലുകൾ മാറി വലിയ വീടുകളായി, പട്ടിണി മാറി എന്നാൽ,മനസ്സുമാത്രം മാറിയില്ല. അത് വികസിപ്പിക്കുവാൻ ഞാൻ മച്ചൂൻ എന്ന് വിളിക്കുന്ന കുറുപ്പു സാർ ശ്രമിച്ചുകൊണ്ടിരുന്നു. നടന്നു നീങ്ങുന്ന പാതകളിൽ നമുക്കും മറ്റുള്ളവർക്കും വേദനകൾ നൽകുന്ന കൂറ്റൻ പാറക്കഷ്ണങ്ങൾ തച്ചുടച്ചു. ജലാശയങ്ങളിലെ പായൽ വാരിക്കളഞ്ഞു. സ്നേഹവായ്പ്പോടെ നമ്മളെല്ലാവരും നാടിനായി പ്രവർത്തിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഗ്രാമത്തിലെ വീടുകളിലെ ഐക്യം നശിക്കാതിരിക്കാൻ തറക്കൂട്ടങ്ങൾക്ക് രൂപം കൊടുത്തു. ഉചിതമായ സമയം തിരഞ്ഞെടുത്ത് അയൽക്കാർ ഒന്നിച്ചിരുന്നു. കുശലങ്ങൾ പറഞ്ഞ് പരിഭവങ്ങൾ ഒഴിവാക്കി. നന്മയുടെ വിത്ത് വിതറാൻ ശ്രമിച്ച ഈ ഗാന്ധിയൻ ചിന്താഗതിക്കാരന്റെ കൂടെക്കൂടി ചെയ്ത കർമ്മങ്ങളിലെ ഓർമ്മകൾ എന്റെ സിരകളിൽ ഇന്നും മായാതെ നിലനിൽക്കുന്നു. വീട്ടുമുറ്റത്ത് വിരിപ്പ് വിരിച്ച് കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് കുശലം പറഞ്ഞ രാത്രികൾ, മണ്ണെണ്ണ വിളക്കിന്റെ വെട്ടത്ത് മനസ്സിൽ മൈത്രീ

ദീപം തെളിഞ്ഞു നിന്നു. മൈത്രീ സന്ദേശം പ്രചരിപ്പിച്ചു കൊണ്ട് ഗ്രാമത്തിലെ എല്ലാ വീടുകളും കയറിയിറങ്ങി. എത്ര മഹാന്മാരാണ് ഈ കഞ്ഞിപ്പാടത്തേയ്ക്ക് മച്ചൂനെ കാണാനായി എത്തിയത്. സുകുമാർ അഴീക്കോട്, ഗുരുനിത്യചൈതന്യയതി, വിഷ്ണു നാരായണൻ നമ്പൂതിരി, സുഗതകുമാരി, മാർ ഗ്രിഗോറിയോസ് തിരുമേനി, എം.പി.മന്മഥൻ, സി.ആർ.ആർ വർമ്മ, ജി. കുമാരപിള്ള ഇവരെയൊക്കെ ഈ നാട് കണ്ടത് പങ്കജാക്ഷൻ മച്ചൂനിലൂടെയാണ്. അതെല്ലാം ഇന്നും എന്റെ മനസ്സിലെ മധുരമായ ഓർമ്മകളാണ്. എല്ലാവർക്കും നന്മ നേരുന്നു.

## പൊതുവിവരങ്ങൾ

1. **പ്രതിമാസയോഗം** :- എല്ലാ മാസവും ആദ്യ ഞായറാഴ്ച വൈകിട്ട് 5 മുതൽ 7 വരെ നീർക്കുന്നം ധന്യയിൽ ദർശനം പ്രതിമാസ യോഗം നടന്നു വരുന്നു. നവംബർ 4-ാം തീയതി യോഗത്തിന് ശ്രീ. എൻ.എൻ പണിക്കർ സാറും സരളചേച്ചിയും അതിഥികളായി എത്തിയിരുന്നു. പണിക്കർ സാർ അച്ഛന്റെ ലേഖനം വായിച്ച് ചർച്ച നടത്തി. ഈ ലക്കത്തിലേയ്ക്ക് അതു തന്നെ തിരഞ്ഞെടുത്തു. ഹംസാ സാറും ഡോക്ടർ പത്മകുമാറും ഗിരിജനും ഗണേശും കുടുംബാംഗങ്ങളും ചേർന്ന ചെറു സദസ്സ് എങ്കിലും ഹൃദ്യമായ കൂടിച്ചേരൽ. ലത അവലോസ് പൊടിയും പഴവും ജാപ്പിയും കൂടി കൊണ്ടു വന്നപ്പോൾ പ്രതിമാസ യോഗം മംഗളമായി. 2019-ലെ ദർശനം കലണ്ടർ തയ്യാറാക്കുന്നുണ്ട്. ആവശ്യമുള്ളവർക്ക് കൊണ്ടു പോകാം.

2. **കടപ്പുറം മാനുഷിക ധ്യാനം ഡിസംബർ 30** :- 31-ാം തീയതി തിങ്കളാഴ്ചയായതിനാൽ കടപ്പുറം മാനുഷിക ധ്യാനം ഈ വർഷം 30 ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു. വൈകിട്ട് 5 മണിക്ക് നീർക്കുന്നത്ത് ധന്യയിൽ കൂടി കടപ്പുറത്തേയ്ക്ക് നടക്കാം. ദർശനം പഠിച്ച് ധ്യാനം നടത്താം. ധ്യാനം കഴിഞ്ഞ് ധന്യയിൽ വന്ന് ഭക്ഷണം കഴിഞ്ഞ് പിരിയാം. സകുടുംബം സ്വാഗതം. പങ്കെടുക്കുന്നവർ ഒന്നറിയിക്കുമല്ലോ. നമ്മുടെ മനസ്സിൽ കളകൾ താനെ വളരും സത്ചിന്തകൾ അങ്ങനെ വളരില്ല. ബോധപൂർവ്വമായ ഒരു പരിശ്രമം വേണം. അതിന്റെ ഭാഗമായാണ് നമ്മുടെ ഇടയ്ക്കിടെയുള്ള കൂടിച്ചേരൽ.

ആവശ്യവും അനാവശ്യവുമായ ചിന്തകൾ കൊണ്ട് നിറഞ്ഞിരിക്കുന്ന മനസ്സിന് ഒരു വിശ്രമം വേണം. ധ്യാനത്തിലൂടെ മാത്രമാണ് മനസ്സിന് വിശ്രാന്തി ലഭിക്കുന്നത്. അതോടെ മനസ്സ് കൂടുതൽ കരുത്താർജ്ജിക്കുകയും ശുദ്ധവും ആകുന്നു. മനസ്സ് സുന്ദരമായാൽ ലോകവും സുന്ദരമാകും.

3. **ജന്മവർഷാഘോഷ സന്ദേശ യാത്ര** :- ജന്മവർഷാഘോഷ പരിപാടികളുടെ ഭാഗമായി ഗാന്ധിജി കേരളത്തിൽ സന്ദർശിച്ചുള്ള പ്രദേശങ്ങളിലൂടെ സന്ദേശ യാത്ര ഒക്ടോബർ 22 മുതൽ നവംബർ 2 വരെ വിവിധ ജില്ലകളിലൂടെ സഞ്ചരിച്ചു. സംഘം കരുമാടിയിൽ മഹാത്മജി താമസിച്ച മുസാഫരി ബംഗ്ലാവിലെത്തിയപ്പോൾ ദർശനം പ്രവർത്തകരും പങ്കെടുത്തു. നാസർ പൈങ്ങാമഠം സ്വാഗതവും ഡോ. ജോസ്മാത്യു യാത്രാ സന്ദേശവും നൽകി.

4. **സുരേന്ദ്രൻ & സാവിത്രി മെമ്മോറിയൽ ചിൽഡ്രൻസ് ലൈബ്രറി** :- വായനശാലയുടെ 9-ാം വാർഷികവും എൻഡോവ്മെന്റ് വിതരണവും വിപുലമായ പരിപാടികളോടു കൂടി 2018 ഒക്ടോബർ 14 ഞായറാഴ്ച നടന്നു. ഇതോടനുബന്ധിച്ച് നടന്ന യോഗത്തിൽ ശ്രീ. ചന്ദ്രൻ പുറക്കാട് അദ്ധ്യക്ഷനായിരുന്നു. സംഘാടകനായ ശ്രീ. സുരേഷ്കുമാർ സ്വാഗതം പറഞ്ഞു. ഉദ്ഘാടനം ദർശനം പത്രാധിപരായിരുന്നു. ചുറ്റുമുള്ള വീട്ടുകാർ ചേർന്ന് തറക്കൂട്ടവും രൂപീകരിച്ചു. ഓരോരുത്തരും സ്വന്തം മനസ്സിനെ നിരീക്ഷിക്കണം. മനോനില ഉയരുന്നുണ്ടോ അതോ താണുപോവുകയാണോ? വീട്ടിലുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സന്തോഷത്തോടെ വേണ്ടത് ചെയ്യുവാൻ കഴിയുന്നുവോ? അങ്ങനെയെങ്കിൽ മനസ്സ് വളരുന്നുണ്ട്. വളർന്നു തുടങ്ങിയാൽ അത് വികസിച്ച് നാട്ടിലാകെ പടർന്നുകൊള്ളും. വളർച്ചയ്ക്കനുസരിച്ച് അത് ശുദ്ധവും വിശാലവും ആനന്ദദായകവുമായിക്കൊണ്ടിരിക്കും. നല്ല സദസ്സും അന്തരീക്ഷവും പോരാത്തതിന് മധുരപലഹാരങ്ങൾക്കും ഒരു കുറവുമില്ല. കഥാകൃത്തായ രാജു കഞ്ഞിപ്പാടത്തെ സദസ്സിൽ വിധുമതി ടീച്ചർ ആദരിച്ചു. ശ്രീ. ഗംഗാദത്തൻ, തോട്ടപ്പള്ളി രവീന്ദ്രനാഥ്, പി. സുധാകരൻ, ഇന്ദിര ടീച്ചർ എന്നിവർ ആശംസകളർപ്പിച്ചു. കുട്ടികൾക്കായുള്ള എൻഡോവ്മെന്റ് വിതരണം ഗിരിജാ ശങ്കർ നിർവ്വഹിച്ചു.

5. **ദർശനം** :- ദർശനത്തെ ഇഷ്ടപ്പെടുന്ന ഷിഫാനമോൾ തന്റെ

കൊച്ചു സമ്പാദ്യത്തിൽ നിന്നും 100 രൂപ മടിശ്ശീലയ്ക്കായി നൽകി. കൂടെ ഒരു കുഞ്ഞു കവിതയും. തന്റെ ആടുകൾ മരപ്പട്ടികളുടെ കടിയേറ്റ് മരിച്ചു പോയപ്പോൾ എഴുതിയ വിലാപഗാനം മുമ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുസ്തക പെരുമഴയിലെവിടെയോ എന്റെ
കൊച്ചുകിനാവിൽ ഇടം തന്ന താളുകൾ
പറഞ്ഞത് കെട്ടുകഥകളായിരുന്നില്ലീ പാരിനായ്
ജീവിത സ്മരണകൾ തൻ കൊച്ചു വർത്തമാനങ്ങളീ ദർശനം.

**ഷിഫാന**, 9 ഡി, കാക്കാഴം

## 6. മരണം എന്ന വാതിലിലൂടെ കടന്നു പോയവർ

1. **ഗോപാലകൃഷ്ണൻ ചെമ്പകശ്ശേരി** :- ഏതാണ്ട് ഞാനുണ്ടിടത്തോളം ചോറ് ഗോപാലകൃഷ്ണനും വീട്ടിൽ നിന്നും ഉണ്ടിട്ടുണ്ട്. അമ്മയും അമ്മൂമ്മയും ഞങ്ങൾക്കൊപ്പം വിളമ്പിക്കൊടുത്തിട്ടുണ്ട്. അച്ഛനോടും അമ്മയോടും ആ ആത്മാർത്ഥതയോടെയാണ് ഗോപാലകൃഷ്ണനും കുടുംബവും ഇന്നും ജീവിക്കുന്നത്. ഞങ്ങളുടെ കൃഷികാര്യങ്ങൾ ഗോപാലകൃഷ്ണൻ നോക്കി നടത്തി. ഗോപാലകൃഷ്ണനേയും കുടുംബത്തേയും അച്ഛനും സംരക്ഷിച്ചു. അവരുടെ വീട്ടിൽ അച്ഛൻ പോയി ഉണ്ട് ഉറങ്ങിയിട്ടുണ്ട്. ഇന്നത്തെ നാണയത്തിന് അവരുടെ ഇടയിൽ വലിയ പ്രസക്തി ഇല്ലായിരുന്നു. ആ ആത്മബന്ധം ഇന്ന് അതുപോലെ നിലനിർത്തുവാൻ ഞങ്ങൾക്കാർക്കും കഴിവില്ല.

ഗോപാലകൃഷ്ണന്റെ അനുജൻ രാമദാസ് ഡെപ്യൂട്ടി കളക്ടറായി ജോലി ചെയ്യുമ്പോൾ എന്റെ ഒരു ചങ്ങാതി ഡോ. ഓമനയ്ക്ക് രാമദാസിനെ കാണേണ്ട ഒരു സന്ദർഭമുണ്ടായി. സംസാരമദ്ധ്യേ കഞ്ഞിപ്പാടം വന്നപ്പോൾ കുറുപ്പുസാറിനെ അറിയുമോ എന്ന് ഓമന ചോദിച്ചു അത് കേട്ട് എണീറ്റു നിന്നു കൊണ്ട് സാറിന്റെ കാര്യം ഇവിടെ പറയരുതെന്ന് രാമദാസ് കൗതുകപൂർവ്വം പറഞ്ഞു. കുറുപ്പുസാറിന്റെ പേര് പറഞ്ഞാൽ എനിക്ക് ഈ കസേരയിൽ ഇരിക്കാനാകില്ല എണീറ്റ് നിൽക്കണം. പിന്നെ എങ്ങിനെ ജോലി നടക്കും.

പതിനാല് വർഷങ്ങൾക്കു മുമ്പ് ഒരു ദിവസം രാവിലെ 10 മണി

യോടെ അച്ഛന്റെ ഫോൺ വന്നു. കാര്യമൊന്നും പറയാതെ നീ ഇങ്ങോട്ട് വരാൻ പറഞ്ഞു. വീട്ടിൽ ചെല്ലുമ്പോൾ കുടുംബാംഗ ങ്ങൾ അച്ഛനു ചുറ്റുമായി ഇരിക്കുന്നു. അച്ഛന്റെ കൃഷിവകുപ്പ് മന്ത്രിയും ഇപ്പോൾ ആധാരമെഴുത്തുകാരനുമായിരുന്ന ഗോപാല കൃഷ്ണനും അടുത്തുണ്ട്. ഒന്നും മനസ്സിലാകാതെ എന്താ അച്ഛാ കാര്യമെന്ന് ചോദിച്ചു. ഒരു വിൽപ്പത്രമെഴുതി വെച്ചിട്ടുണ്ട്. എല്ലാം ഒന്ന് വ്യവസ്ഥ ചെയ്ത് വെയ്ക്കണം അതിനാ വിളിച്ചത് . ഇതു കേട്ട എനിക്ക് ദേഷ്യം വന്നു. അച്ഛനിപ്പോൾ എന്തോന്നിന്റെ സൂക്കേ ടാണെന്ന് ഞാൻ ചോദിച്ചു. ഒന്നാമത് വയ്യാതിരിക്കുന്നു. കാലി ലൊക്കെ നീര് അസുഖമൊക്കെ മാറിയിട്ട് ഇതൊക്കെ ചെയ്താൽ പോരെ. ഇവിടെ ഞങ്ങളാരും സ്വത്തിന് വഴക്കിടാൻ പോകുന്നില്ല ല്ലോ. അച്ഛൻ അതു കേട്ട് ചിരിച്ചു കൊണ്ട് ഗോപാലകൃഷ്ണനോട് പറഞ്ഞു. അവൻ അങ്ങിനെയൊക്കെ പറയും അത് കണക്കാക്ക ണ്ട. ഗോപാലകൃഷ്ണൻ അതങ്ങ് വായിച്ചോ. പിന്നെ ഞാനൊന്നും മിണ്ടിയില്ല. വീടും സ്ഥലവും നിലവും ഞങ്ങൾക്കായി ഭാഗം ചെയ്യുന്ന കാര്യങ്ങളെല്ലാം വായിക്കുന്ന കൂട്ടത്തിൽ ഗോപാലകൃ ഷ്ണനെക്കുറിച്ചും പരാമർശങ്ങൾ കേട്ടു. ഞാൻ പുത്രനിർവ്വിശേഷം സംരക്ഷിച്ചു പോരുന്ന ഗോപാലകൃഷ്ണനും ഒരു ചെറിയ ഓഹരി വെച്ചിട്ടുണ്ട്. തുടർന്നുള്ള ഭാഗം വായിക്കാൻ കഴിയാതെ ഗോപാല കൃഷ്ണൻ ഏങ്ങലടിച്ച് കരയാൻ തുടങ്ങി. ഇതിനിത്ര കരയാനെന്തി രിക്കുന്നു എന്നറിയാതെ ഞാൻ വിൽപ്പത്രം വാങ്ങി തുടർന്ന് വായി ച്ചു. അപ്പോഴാണ് കാര്യത്തിന്റെ ഗൗരവം എനിക്ക് മനസ്സിലായത്. അത് കേട്ടവരെല്ലാം കൂട്ടക്കരച്ചിലായി. പ്രത്യേകിച്ച് രമയും ശാന്തി യും. കരച്ചിൽ പരിഭവത്തിലേയ്ക്ക് വന്നപ്പോൾ അച്ഛൻ പറഞ്ഞു : എന്റെ മരണാനന്തരം ഒരു പ്രശ്നമുണ്ടാക്കി വെയ്ക്കാൻ എനിക്ക് താത്പര്യമില്ല. ദേഹം മെഡിക്കൽ കോളേജിന് വിട്ടു കൊടുക്കു വാൻ വയ്യെങ്കിൽ വേണ്ട എന്റെ കർമ്മങ്ങൾ ഇവിടെ അവസാനി ക്കുന്നു. എല്ലാവരും കൂടിയാലോചിച്ച് ഇഷ്ടം പോലെ ചെയ്തു കൊള്ളൂ. നാലാം ദിവസം അച്ഛൻ അന്തരിച്ചു. ഡോക്ടറായ എനിക്ക് അച്ഛന്റെ അന്ത്യത്തെക്കുറിച്ച് ഒന്നും മനസ്സിലാക്കാൻ കഴി ഞ്ഞില്ല. ഏതോ ഒരുൾപ്രേരണയാൽ അച്ഛൻ ചെയ്യേണ്ടതെല്ലാം ചെയ്തു തീർത്തു. അച്ഛന്റെ ആഗ്രഹം അനുസരിച്ചല്ല മരണാന

ന്തരകാര്യങ്ങൾ നടന്നത്. അതിനുള്ള ആർജ്ജവം എനിക്കുണ്ടായിരുന്നില്ല. റീത്തു വെയ്ക്കണ്ട എന്നു പറഞ്ഞിടത്ത് റീത്തുകൾ വന്ന് നിറഞ്ഞു.

കാലചക്രം തിരിഞ്ഞു കൊണ്ടിരുന്നു. ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ഗോപാലകൃഷ്ണനും യാത്രയായി. എങ്കിലും അച്ഛനോടൊപ്പമുള്ള ജീവിതം കൊണ്ട് ഗോപാലകൃഷ്ണനും അനശ്വരനായിരിക്കുന്നു.

2. **സുഷമ ചേച്ചി (77)** :- ഞങ്ങളുടെയെല്ലാം സുഷമചേച്ചി ദർശനം ആദ്യ പത്രാധിപരായിരുന്ന മുരളീധര മേനോൻ സാറിന്റെ സഹധർമ്മിണി, സനൽകുമാറിന്റെ അമ്മ വാർദ്ധക്യസംബന്ധമായ അസുഖത്തെ തുടർന്ന് അമൃതാനന്ദമയീ മഠത്തിലെ ആശുപത്രിയിൽ വെച്ച് സെപ്റ്റംബർ 24ന് അന്തരിച്ചു. അസുഖം കൂടിയ സമയം ചേച്ചി എന്നെ വിളിച്ചിരുന്നു. അടുത്തിരുന്നു ചേച്ചിയ്ക്കറിയാവുന്ന അൽപ്പം ആത്മീയ കാര്യങ്ങൾ സംസാരിച്ചു. സ്നേഹവും ലാളിത്യവും കൊണ്ട് മേനോൻ സാറിന്റെ ശിഷ്യർക്ക് ചേച്ചി അമ്മയായിരുന്നു. സംസ്കാര ചടങ്ങുകൾ ആശ്രമത്തിൽ വെച്ച് അമ്മയുടെ കാർമ്മികത്വത്തിൽ നടന്നു. ചേച്ചിക്ക് ദർശനത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

3. **വെൺമണി രാജഗോപാൽ (79)** :- പ്രശസ്ത കവിയും അധ്യാപകനും ദർശനം കുടുംബാംഗവുമായിരുന്ന വെണ്മണി രാജഗോപാൽ അന്തരിച്ചു. ഇടയ്ക്ക് പോയി കാണാറുണ്ടായിരുന്നു. അച്ഛനെക്കുറിച്ചെഴുതിയ ഗുരുസ്മരണ എന്ന കവിത ദർശനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാറിന്റ കുടുംബ ജീവിതത്തിൽ സവിശേഷമായ ഒരു സന്ദേശം ഉണ്ടായിരുന്നു. ശാന്തായനം എന്ന പേരിൽ 2017 മാർച്ച് ലക്കത്തിൽ അത് പ്രസിദ്ധീകരിച്ചിട്ടുണ്ട് വായിച്ചറിയേണ്ടതാണ്. വീട്ടിലെത്തി മക്കളെ കണ്ട് ദർശനത്തിന്റെ പ്രണാമം അറിയച്ചു.

4. **ജി. ശശിധരൻ പിള്ള** :- ഒട്ടും പ്രതീക്ഷിക്കാതെ പെട്ടെന്നായിരുന്നു അന്ത്യം. പുഞ്ചിരിച്ചു കൊണ്ടല്ലാതെ സാറിനെ ഇതുവരെ കണ്ടിട്ടില്ല. ഈ നാട്ടിലുള്ള എല്ലാ സാംസ്കാരിക സംഘടനകളിലും സാറിന്റെ സാന്നിദ്ധ്യവും സഹകരണവും ഉണ്ടായിരുന്നു. കഴിഞ്ഞ ലക്കം ദർശനം കൊടുക്കാൻ വീട്ടിൽ ചെന്നപ്പോൾ ദർശനം തുടരേണ്ടതിന്റെ പ്രാധാന്യം പറഞ്ഞ് മടിശ്ശീലയും തന്നാണ് വിട്ടത്.

സാറിന്റെ സഹധർമ്മിണി കമലമ്മ ടീച്ചറും ദർശനം ശ്രദ്ധയോടെ വായിക്കുന്നു. കുടുംബാംഗങ്ങളെ കണ്ട് ദർശനത്തിന്റെ ആദരാഞ്ജലികളർപ്പിച്ചു.

5. **ഏവൂർ ജി. മാധവൻ നായർ (92)** :- മേനോൻ സാറിന്റെ അനുസ്മരണ ചടങ്ങിൽ പങ്കെടുക്കവേയാണ് ഞാൻ ആദ്യമായി സാറിനെ കാണുന്നത്. അന്നുമുതൽ ദർശനം അയയ്ക്കുന്നുണ്ട്. മേനോൻസാറുമായുള്ള ആത്മബന്ധത്തിന്റെ മധുരസ്മരണകൾ ഉണർത്തിക്കൊണ്ടുള്ള സാറിന്റെ പ്രസംഗം മറക്കാനാവില്ല. കേരളത്തിലെ ഹൈസ്കൂൾ അധ്യാപകരുടെ പരിശീലകനായിരുന്നു. കവി ഒ.എൻ.വി കുറുപ്പിന്റെ സഹപാഠിയായിരുന്നു സാർ. അവർ തമ്മിലുള്ള സൗഹൃദം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗിരിജൻ ഏവൂര് പോയി സാറിന്റെ സഹധർമ്മിണി ഇന്ദിരാമ്മയേയും അധ്യാപികമാരായ മക്കളെയും കണ്ട് ദർശനത്തിന്റെ പ്രണാമം അറിയിച്ചു.

**സ്മരണാഞ്ജലിയിലെ ജൈവാർച്ചനകൾ**

അനിതാ പുളിവീട്, അമ്മിണി ചേച്ചി പാലത്തിട്ട, ഫാ. ജോർജ്ജ് ഫിലിപ്പ്, ശ്രീനാഥ് പഴവീട്, ജി.സി കുറുപ്പ് നീർക്കുന്നം, കെ.കെ. ഗോപി എന്നിവർ 200/- രൂപാ വീതംവും രാമചന്ദ്ര കൈമൾ പുന്നപ്ര, നാരായണമേനോൻ പച്ച, പ്രദീപ് കൂട്ടാല, സോമശേഖരൻ നായർ തുടങ്ങിയവർ 300/- രൂപ വീതവും ജി.പി നായർ കളർകോട്, ലീലാമണി കൊച്ചുപാലത്തിട്ട, വിജയനാഥ് തുറവൂർ, അഡ്വ. ബി. സുരേഷ്, സരോജിനി കൃഷ്ണൻ, സീതാദേവി, സനൽകുമാർ കഞ്ഞിപ്പാടം, മുഹമ്മദ് അലി, അനിൽ കുമാർ ചിങ്ങവനം, ഡോ. ഗോപാലകൃഷ്ണൻ വണ്ടാനം, ഗോപകുമാർ കളർകോട്, മധു മാമ്പലയിൽ, അഷറഫ് കളർകോട്, ചന്ദ്രൻകുട്ടി ചേട്ടൻ, ബോസ് ചേട്ടൻ, രാധമ്മ കാക്കാഴം, ശിവൻ അയോധ്യ, ഫാ. തോമസ് കാഞ്ഞമല, ബാബു ചൈതന്യ, ഇന്ദിരാ ഹരിഹരൻ പുന്നപ്ര, അജിത്ത് രാജശ്രീ പഴവീട്, സുധീർ ഗുരുപുരം, ഉഷാനായർ, മണിയപ്പൻ സാർ കോമന, ശശിധരൻപിള്ള സാർ, ഡോ. എൻ.എൻ പണിക്കർ തുടങ്ങിയവർ 500/- രൂപാ വീതവും അപ്പുക്കുട്ടൻ പിള്ള ശാസ്താംകോട്ട, സതീഷ് ചന്ദ്രൻ ആലപ്പുഴ, ഗോപിനാഥപിള്ള ശാസ്താംകോട്ട, ശ്രീകുമാരി ചേച്ചി, ഡോ.പത്മകുമാർ തുടങ്ങിയവർ 1000/ രൂപാ വീതവും മടിശ്ശീലയിലേയ്ക്ക് നൽകിയിട്ടുണ്ട്. എല്ലാവർക്കും പ്രണാമം.

സത്യം

അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

## പരിഹാരം

ജീവിത പ്രശ്നങ്ങളെ വിജയകരമായി നേരിടുവാൻ ഒരു മാർഗ്ഗമുണ്ട്. ജഗദീശ്വരനാൽ സൃഷ്ടിക്കപ്പെട്ടതാണ് ഈ ലോകം എന്ന ബോധം ഉണ്ടായിരിക്കണം. ഇവിടെ നമ്മുടെ അഹന്തയെ സമ്പൂർണ്ണം നശിപ്പിക്കുക. നമ്മുടെ മനസ്സിലെ തെറ്റുകുറ്റങ്ങൾ കണ്ടറിഞ്ഞ് തിരുത്തുവാൻ തയ്യാറാകുക. മറ്റുള്ളവരുടെ കുറ്റങ്ങൾ നോക്കിയിരിക്കേണ്ട. ലോകത്തിന്റെ ഗതിയോർത്ത് ഭയപ്പെടേണ്ട. അഹന്തയുടെ ശക്തി നാശത്തിന്റെ ശക്തിയാണ്. അത് രാവണനോ ദുര്യോധനനോ കംസനോ ഹിറ്റ്ലറോ ഭരണാധികാരികളോ ആരുമായിക്കൊള്ളട്ടെ നിലനിൽപ്പുണ്ടാവില്ല. ക്ഷമയും സഹനവും കൊണ്ടാണ് ഗാന്ധി ബ്രിട്ടന്റെ ഗർവ്വഭംഗം നടത്തിയത്.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306